നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 8 August 2020



താഴ്വരയ്ക്കപ്പുറം അതാ മനോഹരപർവ്വതം

പേജ് 15

വില 20 രൂപ

Editorial

നിത്യതയിലേക്കുള്ള വാഹനം

ഒരുങ്ങിയിരിക്കുന്നവർക്കു വാഹനം അൽപ്പം നേരത്തെ വന്നാൽ പരിഭവമല്ല, സന്തോഷമാണ് ഉണ്ടാവുക. അതുകൊണ്ടു ഒരുങ്ങിയിരിക്കുവാനല്ലേ കർത്താവു നമ്മോടു കൽപ്പിച്ചിരിക്കുന്നത്. കർത്താവു നിനയാത്ത നാഴികയിൽ വരുന്നതുകൊണ്ട് എപ്പോഴും ഒരുങ്ങിയിരിക്കുക എന്നാണ് നമുക്കുള്ള പ്രബോധനം. വാനമേഘങ്ങളിൽ നമ്മെ ചേർക്കുവാൻ കർത്താവു വേഗം വരും. ഈ ചിന്ത നമുക്ക് പ്രത്യാശയും ധൈര്യവും നൽകുന്നതാണ്, പ്രത്യേകിച്ച് പ്രതിസന്ധികളുടെ മുൻപിൽ പകച്ചു നിൽക്കുന്ന ഈ തലമുറയിൽ! അതിനാൽ ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കുവാനുള്ള കർത്താവിന്റെ പ്രബോധനത്തെ ഓർമിപ്പിച്ചു ഉണർത്തുന്നതാണ് ഈ ലക്കത്തിലെ സന്ദേശം.

നിത്യതയിലേക്കുള്ള വാഹനമാണ് മരണം. വാഹനം മുൻപിൽ വന്നു നിൽക്കുമ്പോഴേ പലരും ഒരുപക്ഷെ അറിയുകയുള്ളൂ. ഒരുങ്ങിയിരിക്കുവാൻ നേരത്തെ തന്നെ പറഞ്ഞിട്ടുള്ളതിനാൽ ഇനി പ്രത്യേകിച്ച് ഒരു അറിയിപ്പ് പ്രതീക്ഷിക്കേണ്ടതില്ലല്ലോ. കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നവർ വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് ചേരുവാൻ കാംഷിക്കുന്നവരാണല്ലോ. അവർക്കു പെട്ടെന്ന് മരണം വന്നാൽ പരിഭവം അല്ല സന്തോഷമല്ലേ തോന്നുക. മുൻപേ മുൻപേ പോകുന്നവർ ഭാഗ്യവാന്മാർ എന്നല്ലേ നാം പാടുകയും ഏറ്റു പറയുകയും ചെയ്യുന്നത്. അതുകൊണ്ടു 'എന്തുകൊണ്ട്' എന്നൊരു ചോദ്യത്തിന് ഒരു പ്രസക്തിയുമില്ല.

ബ്രദർ കെ വി രാജുവിന്റെ വാഹനം സമയത്തു തന്നെ എത്തി. തന്റെ സ്വർഗീയ വീട്ടിൽ താൻ എത്തിച്ചേർന്ന് വിശ്രമിക്കുന്നു. അൽപ്പം നേരത്തെ ആയി പോയി എന്ന നമ്മുടെ തോന്നൽ വെറും മാനുഷീകമാണ്. വേല തികച്ച ഭക്തൻ അക്കരെ നാട്ടിൽ എത്തി. ഞങ്ങൾ ഈ ഭൂമിയിൽ ആയിരിക്കുന്നതിനാൽ നഷ്ടബോധം നന്നായി അനുഭവപ്പെടുന്നുണ്ട്. പക്ഷെ നമ്മെ ഓരോരുത്തരെയും വിളിച്ചു, വേലയ്ക്കു ആക്കിയവൻ കൂടെയുണ്ടല്ലോ. നഷ്ടം നികത്തുവാനും, നേർവീഥി ശുശ്രൂഷയുടെ ആവശ്യം എത്ര നാളേക്ക് ഉണ്ട് എന്ന് അരുമനാഥൻ കരുതുന്നുവോ അത്രയും നാൾ ഇത് മുന്നോട്ടു കൊണ്ടുപോകുവാൻ അവിടുന്ന് കൃപ നൽകും. ബ്രദർ കെ വി രാജുവിനെ കുറിച്ചുള്ള വ്യത്യസ്ത അനുസ്മരണകൾ ഈ ലക്കത്തിൽ പങ്കിട്ടിരിക്കുന്നതു നിത്യതയ്ക്കു ഒരു പ്രചോദനവും വഴികാട്ടിയും ആയിരിക്കും എന്നതിന് സംശയമില്ല. നിത്യതയ്ക്കുള്ള ഉൾക്കാഴ്ച നൽകുവാൻ തക്കവണ്ണം ഈ ലക്കം പലതുകൊണ്ടും സമ്പന്നമാണ്.



ഈ ലക്കത്തിൽ കലർപ്പില്ലാത്ത വചനം പങ്കിട്ടു തരുവാൻ ദൈവം നൽകിയ കൃപയ്ക്കനുസരിച്ചു തങ്ങളുടെ തൂലിക ചലിപ്പിച്ച ശ്രേഷ്ഠരായ ദൈവദാസന്മാരെ ഓർത്തു ദൈവത്തിനു സ്തോത്രം ചെയ്യുന്നു. പരിശുദ്ധാത്മ പ്രേരിതവും, ചിന്തോദ്ധീപകവുമായ നിരവധി ലേഖനങ്ങളുടെ കലവറയായ നേർവീഥി ഓഗസ്റ്റ് ലക്കം എല്ലാ വായനക്കാർക്കും വിഭവ സമൃദ്ധമായ ആത്മീക വിരുന്നു തന്നെയാണ്.

ഒരിക്കലല്ല വീണ്ടും വീണ്ടും ആസ്വദിക്കാവുന്നതാണ് ആത്മീക വിരുന്ന്. പഠനബുദ്ധിയോടെ അപഗ്രഥിച്ചു പഠിച്ചാൽ വളരെ ഏറെ പ്രയോജനപ്പെടുന്ന ഈ ആത്മീക ഭോജനം ഏവർക്കും പ്രയോജനപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ ശുശ്രൂഷയിൽ ഞങ്ങളോടൊപ്പം കൈകോർത്തിരിക്കുന്ന നിങ്ങൾ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

പുസ്തകം 9 ലക്കം 8
ആഗസ്റ്റ് 2020

ഈ ലക്കത്തിൽ

ഉണർന്നിരിക്കുക; പ്രാർഥിക്കുക 4
ജോയ് എം. തോമസ്

കെ.വി. രാജു യജമാനന്റെ സന്തോഷത്തിലേക്ക് 7
സാജു മാത്യു

പദവി ദുരുപയോഗം ചെയ്യരുതേ... 9
ബാബു ചെറിയാൻ

നിത്യതയുടെ അനശ്വരചിന്തകളും ചില... 11
എം.സി. കുര്യൻ

ഭക്തന്മാരുടെ മരണം ദൈവത്തിനു വില... 13
പി.വി.വർഗീസ്

താഴ്വരയ്ക്കപ്പുറം ആ മനോഹരപർവ്വതം 15
ഡോ. ജെസ്സി ജയ്സൺ

ജീവിത യവനിക ഇതാ താഴുകയാണോ!? 17
കെ. വി. ശാമുവേൽ

കൃപയും പാപവും തമ്മിൽ എന്താണ് ബന്ധം? 19
ചെയ്സ് ജോസഫ്

മരണഭയത്തെ എങ്ങനെ നേരിടാം 21
ഡോ. സുജിത് സൈമൺ

വനിതാ വീഥി 23
എൽസി ജോയ്

രോഗാതുരമായ സമൂഹം 25
വാർത്താ വീഥി

വേദ അധ്യയനം 27
ജോയ് എം. തോമസ്

കെ.വി രാജുപാസ്റ്ററും കുറെ ഓർമ്മകളും 30
ഷൈൻ കെ. സാമുവൽ

അനുമാനങ്ങളല്ല; സുനിശ്ചിത സത്യങ്ങൾ
എം സി 31

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്

കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ

മാനേജർ
ഷാജി ഉമ്മൻ

അഡ്വൈസറി ബോർഡ്
സുവി. പി.ഐ. ഏബ്രഹാം
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. മാത്യു ഫിന്നി
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 9495 435 336
Editor : 9495 213 269

www.nerveedhi.com

e-mail: editornerveedhi@gmail.com

Edited, Printed and Published by Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam -686019.

Annual Subscription ` 200.00



ജോയ് എം. തോമസ്

ഉണർന്നിരിക്കുക; പ്രാർഥിക്കുക

ഇരുൾ നിറഞ്ഞ ദിനങ്ങളാണോ മുമ്പിൽ ഉള്ളത്? മനുഷ്യൻ ഇന്നു നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം ശരിയായ പരിഹാരമുണ്ടോ? കോവിഡ് 19 പോലുള്ള മറ്റു പകർച്ചവ്യാധികൾ ഇനിയും ലോകത്തിനു വിനയാകുമോ?

വരിഭ്രാന്തി പടരുന്ന ഒരു കാലഘട്ടത്തിലാണ് നാം ഇപ്പോൾ ജീവിക്കുന്നത്. വർദ്ധിച്ചുവരുന്ന ആകുലങ്ങളുടെയും ഉൽക്കണ്ഠകളുടെയും സമ്മർദ്ദം ഏതൊരു വ്യക്തിയുടെയും മേൽ ഉണ്ടാകും. കോവിഡ് 19 –ന്റെ പകർച്ച ലോകം മുഴുവൻ വ്യാപകമായതിനാൽ മനുഷ്യന്റെ ജീവിത ക്രമങ്ങളിലും രീതികളിലും വീക്ഷണങ്ങളിലുമെല്ലാം വലിയ മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സ്വയ രക്ഷയിൽ ഊന്നിയുള്ള ചിന്തകൾ കൂടുതൽ സ്വാർത്ഥതയിലേക്കും മറ്റുള്ളവരിൽ നിന്നുമുള്ള അകൽച്ചയിലേക്കും നയിക്കുന്നു. അത് കൂടുതൽ ഏകാന്തതയും നൈരാശ്യവും വളർത്തും. വർദ്ധിച്ചുവരുന്ന സാമ്പത്തിക പ്രതിസന്ധികൾ സാധാരണക്കാർക്കു ശരിക്കും വല്ലുവിളിയും, തകരുന്ന സാമ്പത്തിക വ്യവസ്ഥ അധികാരികൾക്കും, സമ്പന്നർക്കും വ്യവസായികൾക്കുമെല്ലാം ഉറക്കം കെടുത്തുന്ന വെല്ലുവിളിയുമാണ്. "ലോകം ഇനി അത് ആയിരുന്നതുപോലെ ആയിരിക്കില്ല" എന്നാണ് ലോക ആരോഗ്യസംഘടനയുടെ പ്രസ്താവന!

ഇരുൾ നിറഞ്ഞ ദിനങ്ങളാണോ മുമ്പിൽ ഉള്ളത്? മനുഷ്യൻ ഇന്നു നേരിടുന്ന പ്രശ്നങ്ങൾക്കെല്ലാം ശരിയായ പരിഹാരമുണ്ടോ? കോവിഡ് 19 പോലുള്ള മറ്റു പകർച്ചവ്യാധികൾ ഇനിയും ലോകത്തിനു വിനയാകുമോ? വർദ്ധിച്ചു വരുന്ന ഭൂകമ്പങ്ങൾ, കൊടുങ്കാറ്റ്, പേമാരി, മേഘസ്ഫോടനം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ എവിടെ, എപ്പോൾ വേണമെങ്കിലും സംഭവിക്കാവുന്ന അപകടങ്ങൾ മുന്നിലുണ്ട്. മാരകങ്ങളായ രോഗങ്ങളുടെ വർദ്ധനവ് മറ്റൊരു വശത്ത് ഭീതി സൃഷ്ടിക്കുന്നു. സമാധാനം, സമാധാനം എന്ന് രാഷ്ട്രീയ നേതാക്കൾക്ക് പറയാം എന്നല്ലാതെ, ആർക്കും സമാധാനം കണ്ടെത്തുവാൻ കഴിയുന്നില്ല. പെട്ടെന്നു വന്നു സംഭവിച്ചേക്കാവുന്ന നാശത്തെക്കുറിച്ചുള്ള സൂചന മാത്രമേ കാണാൻ കഴിയുന്നുള്ളൂ.

ഈ സമയത്ത് ദൈവമക്കൾ എന്താണ് ചെയ്യേണ്ടത്? കർത്താവിങ്കൽ നിന്ന് നമുക്കുള്ള ദൂത് എന്താണ്? സർവ്വജ്ഞാനിയായ കർത്താവു നമ്മോടു മുൻകൂട്ടി പറഞ്ഞിരിക്കുന്ന വചനങ്ങളെ നമുക്കു ശ്രദ്ധിക്കാം.

"ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിനു സദാ കാലവും ഉണർന്നും പ്രാർഥിച്ചുംകൊണ്ടിരിപ്പിൻ" (ലൂക്കോസ് 21 : 36).

രണ്ടു കാര്യങ്ങളാണ് നാം ചെയ്യേണ്ടതായി കർത്താവു നമ്മോടു പറഞ്ഞിരിക്കുന്നത്.

ഒന്ന്: ഉണർന്നിരിക്കുക.
രണ്ട്: പ്രാർഥിക്കുക.

ഈ രണ്ടു കാര്യങ്ങളും വളരെ പ്രധാനപ്പെട്ടതാണ്. ഇവ നാം ചെയ്യാതിരിക്കേണ്ടതിനു ഒരു തരം മാന്ദ്യതയാൽ പിശാചു നമ്മെ നിഷ്ക്രിയരാക്കുവാൻ നോക്കും എന്നു നാം അറിഞ്ഞിരിക്കേണ്ടതാണ്. പ്രാർഥിക്കണം എന്ന് അറിയാം എങ്കിലും വളരെ പ്രാർഥിക്കണം എന്നു ആഗ്രഹം ഉണ്ടെങ്കിലും പ്രാർഥിക്കുവാൻ കഴിയുന്നില്ല എന്നതു ഒരു യാഥാർത്ഥ്യമല്ലേ? ജോലിത്തിരക്കുകളിൽ നിന്ന് ഒഴിവുള്ളവരായി ലോക്ക് ഡൗൺ സമയത്ത് വീട്ടിൽ ഇരുന്നപ്പോഴും ആത്മാർത്ഥമായി പ്രാർഥിക്കുവാനും, ദൈവത്തോടു കൂടുതൽ അടുക്കുവാനും മറ്റുള്ളവർക്കായി മദ്ധ്യസ്ഥത ചെയ്യുവാനും നമ്മിൽ എത്ര പേർക്ക് അതു അവസരമായി ഉപയോഗിക്കുവാൻ കഴിഞ്ഞു? ഒരു തരം നിസ്സംഗത നിങ്ങൾക്ക് അനുഭവപ്പെട്ടുവോ?

ഗെത്ശെമന തോട്ടത്തിൽ തന്റെ ശിഷ്യന്മാർ ഉണർന്നിരിക്കണമെന്നും പ്രാർഥിക്കണമെന്നും കർത്താവു ആഗ്രഹിക്കുകയും അവരോടതു ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ, ഉറങ്ങുന്ന ശിഷ്യന്മാരെയാണ് കർത്താവു കണ്ടത്. എന്തുകൊണ്ടു ശിഷ്യന്മാർക്കു ഉണർന്നിരിക്കുവാൻ കഴിഞ്ഞില്ല? നാം ഇന്നു അനുഭവിക്കുന്ന മാന്ദ്യതയാണ് അവർ അന്നു അനുഭവിച്ചത്. ഉണർന്നിരിക്കുവാൻ കഴിയാതിരുന്നതിനാൽ പ്രാർഥിക്കുവാനും അവർക്കു കഴിഞ്ഞില്ല.

പത്രോസിനെയും, യോഹന്നാനെയും യാക്കോബിനെയും കൂട്ടിക്കൊണ്ടു കർത്താവ് അവരുടെ മുമ്പിൽ ദു:ഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി. എന്റെ ഉള്ളം മരണവേദനപോലെ അതിദു:ഖിതമായിരിക്കുന്നു; ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു (മത്തായി 26 : 37, 38). കർത്താവ് തന്റെ ഹൃദയത്തെ അവരുടെ മുമ്പിൽ തുറന്നു കാട്ടിയതെന്തിനാണ്? അവരെ ഉണർത്തുവാൻ വേണ്ടിയായിരുന്നു.

ഉണർന്നിരിക്കുക എന്നതിന്റെ അർത്ഥം ചുറ്റുപാടുകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും അപ്പോഴുള്ള അവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ചും ബോധവാന്മാരാകുക എന്നതാണ്. ഗെത്ശെമനയിൽ യേശു കടന്നു പോയ സാഹചര്യം എത്ര തീവ്രമായതായിരുന്നു എന്നു അവർക്കു ഗ്രഹിക്കുവാൻ കഴിഞ്ഞിരുന്നു എങ്കിൽ അവർക്കു ഉറങ്ങുവാൻ കഴിയുമായിരുന്നില്ല. ക്ഷീണത്താൽ എത്ര ഉറക്കഭാരം തോന്നുന്ന സമയമാണെങ്കിലും നമ്മുടെ

പരിഭ്രാന്തരായിരിക്കുന്ന ജനങ്ങളും അധികാരികളും നമ്മുടെ കൺമുമ്പിൽ ഉണ്ട്.ലോകത്തിന്റെ ഭാവി എന്തെന്നുള്ള ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടിയിരിക്കുന്നു. ശാസ്ത്രവും സാങ്കേതിക വിദ്യയും എല്ലാം അതിവേഗ പുരോഗതിയുടെ പാതയിലാണെന്നു അവകാശപ്പെട്ടു എങ്കിലും പകെച്ചുനില്ക്കുന്ന കാഴ്ചയല്ലേ നാം കാണുന്നത്. ഒരു ഏകലോക ഗവൺമെന്റിനെക്കുറിച്ചും ഒത്തൊരുമിച്ചുള്ള പ്രവർത്തന പദ്ധതിയെക്കുറിച്ചും ചിലരെങ്കിലും ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്.

ഹൃദയത്തെ മുറിപ്പെടുത്തുന്ന എന്തെങ്കിലും സംഭവിച്ചാൽ നമ്മുടെ ഉറക്കം മാറിപ്പോകില്ലേ?

ഇന്നു നാം നമ്മുടെ ചുറ്റുപാടുകളിൽ എന്താണു കണ്ടുകൊണ്ടിരിക്കുന്നത്. നോഹയുടെയും ലോത്തിന്റെയും കാലത്തിനു സമാനമായ ഒരു തലമുറയിലാണ് നാം ജീവിക്കുന്നത്. കോവിഡ് 19 -ന്റെ തേർവാഴ്ചയിൽ പരിഭ്രാന്തരായിരിക്കുന്ന ജനങ്ങളും അധികാരികളും നമ്മുടെ കൺമുമ്പിൽ ഉണ്ട്. ലോകത്തിന്റെ ഭാവി എന്തെന്നുള്ള ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടിയിരിക്കുന്നു. ശാസ്ത്രവും സാങ്കേതിക വിദ്യയും എല്ലാം അതിവേഗ പുരോഗതിയുടെ പാതയിലാണെന്നു അവകാശപ്പെട്ടു എങ്കിലും പകെച്ചുനില്ക്കുന്ന കാഴ്ചയല്ലേ നാം കാണുന്നത്. ഒരു ഏകലോക ഗവൺമെന്റിനെക്കുറിച്ചും ഒത്തൊരുമിച്ചുള്ള പ്രവർത്തന പദ്ധതിയെക്കുറിച്ചും ചിലരെങ്കിലും ചിന്തിച്ചുതുടങ്ങിയിട്ടുണ്ട്. അപ്പോഴും യോജിക്കാൻ പറ്റാതുള്ള മത്സരമനോഭാവവും യുദ്ധത്തിന്റെയും പകപോക്കലിന്റെയും പോർവിളികളും നാം കേൾക്കുന്നുണ്ട്. ഈ സാഹചര്യങ്ങളുടെ തീവ്രത മനസ്സിലാക്കുകയും, ഇപ്പോൾ നാം എന്താണു ചെയ്യേണ്ടതെന്നും ഉൾബോധം ലഭിക്കുകയും ചെയ്യുന്നവരാണ് ഉണർന്നിരിക്കുന്നവർ.

നാം ചിന്തിച്ചുവന്നതുപോലെ **ഒന്നാമതു നാം ചെയ്യേണ്ടതു ഉണർന്നിരിക്കുക എന്നതാണ്**. ഈ കാലത്തെക്കുറിച്ചും സമയത്തെക്കുറിച്ചും നാം ബോധവാന്മാരാകുകയും മറ്റുള്ളവരെ ബോധവല്ക്കരിക്കുകയും ചെയ്യണം. "ഇതു ചെയ്യേണ്ടതു ഉറക്കത്തിൽ നിന്നു ഉണരുവാൻ നാഴിക വന്നിരിക്കുന്നു എന്നിങ്ങനെ നിങ്ങൾ സമയത്തെ അറികയാൽ തന്നെ. നാം വിശ്വസിച്ച സമയത്തേക്കാൾ രക്ഷ ഇപ്പോൾ നമുക്കു അധികം അടുത്തിരിക്കുന്നു" (റോമർ 13 : 11).

രണ്ടാമതായി നാം ചെയ്യേണ്ടതു പ്രാർഥിക്കുക എന്നതാണ്. പ്രാർഥനയിൽ നാം ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തോട് അപേക്ഷിക്കുകയുമാണ്. എന്തിനു വേണ്ടിയാണ് പ്രാർഥിക്കേണ്ടത്? കർത്താവു വ്യക്തമാക്കുന്നു, ഈ സംഭവിപ്പാനുള്ള എല്ലാറ്റിനുംഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നിങ്ങൾ നില്പാനും പ്രാപ്തരാകേണ്ടതിനു പ്രാർഥിച്ചുകൊണ്ടിരിപ്പിൻ". അതായത്, പ്രാർഥനയ്ക്കു പ്രധാനപ്പെട്ട രണ്ടു വിഷയങ്ങളാണുള്ളത്. ഒന്നാമതു സംഭവിപ്പാനുള്ള സംഭവങ്ങളിൽ നിന്നും ഒഴിഞ്ഞുപോകേണ്ടതിനായി പ്രാർഥിക്കണം. രണ്ടാമത്, മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുവാൻ പ്രാപ്തരാകേണ്ടതിനായി പ്രാർഥിക്കണം.

ലോക സ്നേഹത്തിന്റെ കണികകൾ നമ്മിൽ കയറിപ്പറ്റിയിരിക്കുന്നതിനെ ദൂരീകരിച്ച്, നമ്മെത്തന്നെ നാം ശുദ്ധീകരിക്കണം. കർത്താവിനോടുള്ള സ്നേഹത്തിൽ നാം വർദ്ധിച്ചുവരണം. അപ്പോഴാണ് മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുവാൻ നാം പ്രാപ്തരാകുന്നത്. നമ്മുടെ പ്രാർഥനകൾ ഈ നിലയിൽ രൂപപ്പെടട്ടെ!

"ഈ സംഭവിക്കാനുള്ള എല്ലാം" എന്നു കർത്താവ് അർഥമാക്കിയത് ലൂക്കോസ് 21 -ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഭവങ്ങളാണ്. "coming horrors" അഥവാ വരാനിരിക്കുന്ന ഭയപ്പെടുത്തുന്ന (ഞെട്ടിപ്പിക്കുന്ന) സംഭവങ്ങളിൽ നിന്നും escape (എസ്കേപ്പ്) ചെയ്യേണ്ടതിനു അഥവാ രക്ഷപ്പെടേണ്ടതിനായി പ്രാർഥിക്കണം. സംഭവിക്കേണ്ടതെല്ലാം അതതിന്റെ സമയത്ത് സംഭവിക്കണം എന്നതു ദൈവത്തിന്റെ തീരുമാനമാണ്. അതേക്കുറിച്ച് കർത്താവ് മുന്നറിയിപ്പും നൽകിയിരിക്കുന്നു. മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായം, ലൂക്കോസ് 21 -ാം അദ്ധ്യായം, മർക്കോസ് 13 -ാം അദ്ധ്യായം, ഇവിടെ എല്ലാം കർത്താവു നൽകിയിരിക്കുന്ന മുന്നറിയിപ്പുകൾ നമുക്കു കാണാം. ലോകത്തിലെ ജനങ്ങളിൽ പരിഭ്രാന്തി പരത്തുന്ന സംഭവങ്ങൾ സംഭവിക്കുവാൻ ദൈവം അനുവദിക്കുന്നതു അവർക്കു ചിന്തിക്കുവാനും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കു തിരിയുവാനുമായ ആഹ്വാനമായിട്ടാണ്. എന്നാൽ ഈ നല്ല അവസരങ്ങളെ എല്ലാം മനുഷ്യൻ നഷ്ടപ്പെടുത്തുകയേ ഉള്ളൂ എന്നാണ് വചനം നൽകുന്ന സൂചന. മാനസാന്തരത്തിനു മനുഷ്യൻ തയ്യാറല്ല എന്നതുകൊണ്ടു ദൈവം മാനസാന്തരത്തിനുള്ള ആഹ്വാനം നൽകാതിരിക്കുകയോ അവസരങ്ങൾ നൽകാതിരിക്കുകയോ ചെയ്യുന്നില്ല. മനുഷ്യനോടുള്ള ദൈവത്തിന്റെ ദയ എപ്പോഴും ദീർഘമായിരിക്കുന്നു.

ഈ സംഭവങ്ങൾ എല്ലാം ദൈവമക്കൾക്ക് മാനസാന്തരത്തിനും ഉണരുന്നതിനുമുള്ള സന്ദേശങ്ങൾ ആണ്. ലോകത്തിൽ പടരുന്ന പരിഭ്രാന്തി നമ്മെ കീഴ്പ്പെടുത്താതിരിക്കുന്നതിനു പ്രാർഥിക്കുക. ഈ സംഭവങ്ങളുടെ പ്രഹരമേൽക്കാതെ രക്ഷപെടേണ്ടതിനായി പ്രാർഥിക്കുക. ദൈവം എന്താണോ പ്ളാൻ ചെയ്തിരിക്കുന്നത് ആ ദൈവഹിതം ഭൂമിയിൽ നിവർത്തിക്കപ്പെടുന്നതിനു വേണ്ടി പ്രാർഥിക്കുക. ലോകത്തിലെ ജനങ്ങൾക്കു മാനസാന്തരമുണ്ടാകുന്നതിന് ദൈവജനങ്ങൾ ഉണർത്തപ്പെട്ടു പ്രാർഥനാ നിരതരായിരിക്കുവാനും പ്രാർഥിക്കുക.

പ്രാർഥിക്കേണ്ട രണ്ടാമത്തെ വിഷയം മനുഷ്യപുത്രന്റെ മുമ്പിൽ നില്പാൻ പ്രാപ്തരാക്കുക എന്നതാണ്. സംഭവങ്ങളിൽ പരിഭ്രാന്തികൊണ്ട് ഉൽക്കണ്ഠപ്പെട്ടിട്ട് കാര്യമില്ല; അതു അപകടമണ്. നമ്മുടെ പ്രത്യാശ കർത്താവാണ്. നമ്മെ വീണ്ടെടുക്കുവാൻ, നമുക്കായി ഒരുക്കിയിരിക്കുന്ന പിതാവിന്റെ ഭവനത്തിൽ ചേർപ്പാൻ വേഗം വരാം എന്ന വാഗ്ദത്തമാണ് നമ്മുടെ പ്രത്യാശ. കർത്താവിന്റെ വരവിനായി ഒരുങ്ങുകയും പ്രത്യാശയാൽ നിറഞ്ഞു ധൈര്യവും സന്തോഷവും ഉള്ളവരായിരിക്കയും വേണം. ലോക സ്നേഹത്തിന്റെ കണികകൾ നമ്മിൽ കയറിപ്പറ്റിയിരിക്കുന്നതിനെ ദൂരീകരിച്ച്, നമ്മെത്തന്നെ നാം ശുദ്ധീകരിക്കണം. കർത്താവിനോടുള്ള സ്നേഹത്തിൽ നാം വർദ്ധിച്ചുവരണം. അപ്പോഴാണ് മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുവാൻ നാം പ്രാപ്തരാകുന്നത്. നമ്മുടെ പ്രാർഥനകൾ ഈ നിലയിൽ രൂപപ്പെടട്ടെ! ■



സാജു മാത്യു

കെ.വി. രാജു യജമാനന്റെ സന്തോഷത്തിലേക്ക്

ചില വ്യക്തികളുടെ സാമീപ്യം തന്നെ നമ്മിൽ പ്രകാശം വിതറുന്നത് നമുക്ക് അനുഭവിച്ചറിയാൻ കഴിയും. അതിന് അവർ വലിയ വായിൽ സംസാരിക്കണം എന്നൊന്നും നിർബ്ബന്ധമില്ല..... വെറുമൊരു സാമീപ്യം ..... അതു മതി! കെ.വി. രാജു അപ്രകാരമൊരാൾ ആയിരുന്നു.

ദാവീദിന്റെ പ്രാർഥന ശ്രദ്ധിക്കുക: "യഹോവേ, രക്ഷിക്കണമേ; ഭക്തന്മാർ ഇല്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു..." (സങ്കീർത്തനം 12 : 1).

ദാവീദിന്റെ കാലത്ത് അതായിരുന്നുഈ അന്ത്യകാലത്ത് എത്ര അധികം!! നമുക്കറിയാം, ഇന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന രണ്ട് 'ബ്രീഡ്' ആണ്, 'ഭക്തന്മാ'രും 'വിശ്വസ്തന്മാ'രും! അങ്ങനെയുള്ള ഈ കാലയളവിൽ ഈ രണ്ടു സ്വഭാവങ്ങളുടെയും ഒരു സങ്കലനമായിരുന്നു, രാജുവിൽ വിളങ്ങി നിന്നത്! കെ.വി. രാജു, ഭക്തനും വിശ്വസ്തനുമായിരുന്നു.... സ്നേഹിക്കാൻ മാത്രം അറിയാമായിരുന്ന ഒരു വ്യക്തി.... ജീവിതത്തിലും പ്രവർത്തന മണ്ഡലങ്ങളിലും തികഞ്ഞ വിശ്വസ്തൻ!

രാജുവിന്റെ കുടുംബത്തിൽ ഞാൻ ആദ്യം പരിചയപ്പെടുന്നത് അദ്ദേഹത്തിന്റെ സഹോദരൻ കെ. വി. സാമുവലിനെയാണ്. വളരെ ആഴമുള്ള സൗഹൃദം ഇപ്പോഴും എനിക്ക് അദ്ദേഹവുമായുണ്ട്.

പിന്നീട് ഗുഡ്ന്യൂസുമായുള്ള ബന്ധത്തിൽ കെ. വി. രാജുവുമായി ഞാൻ പരിചയപ്പെട്ടപ്പോൾ, നിസ്വർത്ഥനായ ഒരു സുവിശേഷ സ്നേഹിയെ എനിക്ക് രാജുവിൽ കാണാൻ കഴിഞ്ഞു.

പിന്നീട് വടക്കേ ഇന്ത്യൻ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഞാൻ കൂടുതൽ സമയങ്ങൾ മിഷൻ ഫീൽഡുകളിലായിരുന്നപ്പോൾ കൂടിക്കാഴ്ചകൾ കുറഞ്ഞെങ്കിലും സൗഹൃദത്തിന് കുറവൊന്നും ഉണ്ടായില്ല.

ഒറീസ്സയിലെ കന്ദമാലിൽ കലാപകാരികൾ ക്രിസ്ത്യാനികളെ ക്രൂര പീഢനത്തിനു വിധേയമാക്കിയപ്പോൾ കലാപത്തിനിരയായ വിശ്വാസികളെ സഹായിക്കാനും വീടുകൾ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനുമായി 'ഗുഡ് ന്യൂസ്' ഒരു പദ്ധതി തയ്യാറാക്കിയപ്പോൾ അതിനായി ഒരു സർവ്വേ നടത്താൻ കന്ദമാലിലെത്തിയത് കെ.വി. രാജു ആയിരുന്നു. അന്ന് ഞാൻ കന്ദമാലിലുണ്ടായിരുന്നു. ആ പ്രദേശങ്ങളിൽ ഞങ്ങൾക്കും സഭകളുണ്ടായിരുന്നു; ഞാൻ ചില മാസങ്ങൾ അവരുടെയിടയിൽ താമസിച്ചിട്ടുമുണ്ട്! അന്ന് രാജുവുമൊത്ത് യാത്ര ചെയ്യുവാനും ഒരുമിച്ചു താമസിക്കാനുമൊക്കെ ഞങ്ങൾക്ക് കഴിഞ്ഞത് ഇന്നും എന്നിൽ മായാത്ത ഓർമ്മകളാണ്.

ചില വർഷങ്ങൾക്കു ശേഷം എന്റെ പ്രിയ സുഹൃത്ത് പാസ്റ്റർ ജോയ് തോമസ് "നേർവീഥി" മാസിക തുടങ്ങുമ്പോൾ കെ.വി. രാജുവിന്റെ സജീവ സാന്നിധ്യം 'നേർവീഥി'യെ ക്രിസ്തീയ ലോകത്ത് ഒരു ബഹുമാനിത പത്രികയാക്കി ഉയർത്തി. പേരു പോലെ, നേർവീഥിക്ക് കഴിഞ്ഞ കാലങ്ങളിൽ സാധാരണക്കാരായ ബഹുസഹസ്രം ജനങ്ങളെ നേരായ പാതയിൽ നടത്താൻ കഴിഞ്ഞതിനു പിന്നിൽ കെ.വി. രാജുവിന്റെ അത്യദ്ധ്വാനത്തിനുള്ള പങ്ക് വിസ്മരിക്കാവതല്ല!

ദുരുപദേശങ്ങൾ യുവജനങ്ങളെ വഴിതെറ്റിക്കാൻ കച്ച കെട്ടിയിറങ്ങിയപ്പോഴൊക്കെ സത്യത്തിന്റെ കൊടി പിടിച്ച് പഥ്യോപദേശത്തിനായി പോരാടുവാൻ നേർവീഥി മുന്നിട്ടിറങ്ങി. കഴിഞ്ഞ കാലങ്ങളിലെ 'നേർവീഥി' സെമിനാറുകളൊക്കെ അതിനായി സംഘടിപ്പിക്കപ്പെട്ടതായിരുന്നു. അതിനായി

മുന്നിട്ടിറങ്ങുവാൻ മറ്റ് നേർവീഥി പ്രവർത്തകരോടൊപ്പം രാജുവിനെയും കർത്താവ് ഉപയോഗിച്ചു.

കെ.വി. രാജുവിന്റെ ദേഹവിയോഗം നമ്മെയൊക്കെ വേദനിപ്പിച്ചു. മാനുഷികമായി ജയമോളോടോ, മക്കളോടോ ആശ്വാസ വചനങ്ങൾ പറയാൻ പ്രയാസമുണ്ട്. എന്നാൽ ഒരു കാര്യം എനിക്കുറപ്പുണ്ട്. ദൈവസന്നിധിയിലെത്തിയ രാജുവിനോട് യേശുകർത്താവ് പറഞ്ഞത് ഇങ്ങനെയായിരിക്കണം.

"നന്ന്, നല്ലവനും വിശ്വസ്തനുമായ ദാസനേ.... നിന്റെ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിച്ചുകൊള്ളുക...

അതെ, കെ.വി. രാജു അല്പത്തിലും അധികത്തിലും വിശ്വസ്തനായിരുന്നു... ഇപ്പോൾ യജമാനന്റെ സന്തോഷത്തിൽ വിശ്രമിക്കുന്നു... ആമേൻ!.... ■

ഒരു രഥയാത്രയുടെ വഴിയെ

കനാൻദേശം കഠിനക്ഷാമത്തിലൂടെ കടന്നു പോകുന്ന കാലത്തൊരുദിവസം യാക്കോബിന്റെ കൂടാര വാതിൽക്കൽ സവിശേഷമായ കുറെ രഥങ്ങൾ വന്നു നിന്നു. അതു യാക്കോബിനെ വരൾച്ചയുടെ ദേശത്തു നിന്നും സുഭിക്ഷതയുടെ നാട്ടിലേക്കു കൊണ്ടുപോകാൻ യോസേഫയച്ച യാത്രാവാഹനങ്ങളായിരുന്നു. യാക്കോബിനു വീണ്ടും ചൈതന്യം വരുത്തിയ രഥയാത്രയുടെ ചരിത്രം ഉല്പത്തി പുസ്തകം 45-ാം അധ്യായം വിശദീകരിക്കുന്നു. രഥത്തിലെ യാത്രാസുഖമോ, വഴിയോരകാഴ്ചകളുടെ വശ്യതയോ അല്ല, ആ രഥം ആരുടെ അടുത്താണ് തന്നെ കൊണ്ടെത്തിക്കുകയെന്ന അറിവാണ് യാക്കോബിന്റെ പ്രസരിപ്പിന്റെയും തിടുക്കത്തിന്റെയും പിന്നിലെ കാരണം.

ഭക്തനായ മിഷനറി, നാഗൽ സായിപ്പിന്റെ പ്രശസ്തമായ മലയാള ഗാനം ക്രൈസ്തവ കൈരളിയ്ക്ക് ഒരു മനോഹര രഥം സമ്മാനിച്ചിട്ടുണ്ട്. ആഹ്ലാദത്തോടെ പാടേണ്ട ആ രഥയാത്രാ ഗാനം " സമയമാം രഥത്തിൽ " ദു:ഖരാഗത്തിലാണെങ്കിലും മുഴുവൻ മലയാളികളുടെയും ചുണ്ടുകളെ ചലിപ്പിച്ചിട്ടുണ്ട്.

മിനിറ്റുകളും, മണിക്കൂറുകളും, ദിവസങ്ങളും, വർഷങ്ങളും താണ്ടി സമയമാം രഥത്തിൽ യാത്ര ചെയ്യുന്ന സഹയാത്രികരോടൊരു വാക്ക് ! ഈ രഥത്തിന്റെ ഓട്ടം എപ്പോൾ നിലയ്ക്കുമെന്നു നാമറിയുന്നില്ല, എന്നാലതു എവിടെ നിലയ്ക്കുമെന്നു നാം അറിഞ്ഞിരിക്കണം. യോസേഫയച്ച രഥത്തിലാണു യാത്ര ചെയ്യുന്നതെന്ന അറിവ് യാക്കോബിന് ചൈതന്യദായകമായിരുന്നതു പോലെ നമ്മുടെ യാത്ര ആരയച്ച രഥത്തിലാണെന്നു ചിന്തിക്കേണ്ടതുണ്ട്. പറുദീസ ലക്ഷ്യമാക്കി യാത്ര ചെയ്യുന്ന രക്ഷാരഥത്തിലാണോ നിത്യശിക്ഷാവിധിയുടെ തീരത്തേയ്ക്കു പോകുന്ന നരകരഥത്തിലാണോ നമ്മുടെ യാത്ര? രക്ഷയുടെ രഥം ഞെരുക്കത്തിന്റെയും ഇടുക്കത്തിന്റെയും വഴിയേ പോയാലും ചെന്നു നിൽക്കുന്നതു പറുദീസയിലായിരിക്കും, എന്നാൽ ഈ രക്ഷാമാർഗ്ഗം നിരസിച്ച് വിശാലവഴിയേ നിയന്ത്രണങ്ങളില്ലാതെ ആഘോഷമായി പോകുന്ന യാത്രയുടെ അന്ത്യം ഭീതിതമായിരിക്കും.

നിത്യതയെക്കുറിച്ച് പ്രത്യാശയുള്ള മനുഷ്യനു മരണം സൗഭാഗ്യത്തിലേക്കു തുറക്കുന്ന വാതിലാണ്, എന്നാൽ നശ്വരമായ ഈ ലോകത്തിൽ മാത്രം സ്വപ്നങ്ങൾ നെയ്യുന്നവർക്കു മരണം ഭയാനകമായ ഒരു അനുഭവമായിരിക്കും.

അപരിചിതമായ പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുന്നവർ വഴി തെറ്റാതിരിക്കാൻ റോഡ് മാപ്പുകളും, യാത്രക്കാർക്കുള്ള ഗൈഡുകളും ഉപയോഗിക്കാറുണ്ടല്ലോ. വഴിയരികിൽ സ്ഥാപിച്ചിരിക്കുന്ന ദിശാസൂചികകളും ഉണ്ടായിരിക്കും. മോക്ഷയാത്രക്കാർക്കുള്ള ദിശാ സൂചികയാണ് ദൈവവചനമായ ബൈബിൾ. ആകാശവും, ആകാശ വിതാനവും, പ്രകൃതിയിൽ നാം ദിനേന കാണുന്ന നിരവധി മുന്നറിയിപ്പുകളും ശ്രദ്ധിച്ചാൽ അവ വചനത്തിലെ മുന്നറിയിപ്പുകളുമായി ഒത്തുപോകുന്നതായികാണാം. നിരവധി അപകട മുന്നറിയിപ്പുകൾ ലഭിച്ചിട്ടും അവഗണിച്ചു തെറ്റായ ദിശയിൽ യാത്ര ചെയ്യുന്നവർ അനർത്ഥത്തിൽ അവസാനിക്കുമെന്നു നമുക്കറിയാം.

നമ്മുടെ യാത്രാ രഥം ശരിയായ ദിശയിലാണോ എന്നു വചനത്തിലെ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ ഉറപ്പു വരുത്തുക. ■



ബാബു ചെറിയാൻ

പദവി ദുരുപയോഗം ചെയ്യരുതേ...

കാണ്മീൻ നാം ദൈവമക്കളെന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്കെത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു എന്ന വചനം ഇംഗ്ളീഷ് ആംപ്ളിഫൈഡ് വേർഷനിൽ നിന്നും വായിച്ചാൽ കുറേ കൂടി വ്യക്തതയും ആഴവും ലഭിക്കും.

See what (an incredible) quality love the father has given (shown, bestowed on) us that we should (be permitted to) be named and called and counted the children of God.

നമ്മെ ദൈവമക്കളെന്നു വിളിക്കാനുള്ള ദൈവീക പദ്ധതിയിലെ ദൈവ സ്നേഹത്തിന്റെ ക്രെഡിബിലിറ്റിയെക്കുറിച്ചും ക്വാളിറ്റിയെക്കുറിച്ചും വർണ്ണിക്കുവാൻ എഴുത്തുകാരനും അപ്പോസ്തലനും കർത്താവിന്റെ സ്നേഹിതനുമായ യോഹന്നാൻ നന്നേ കഷ്ടപ്പെടുന്നുണ്ട്. ഒരു മനുഷ്യന് ഈ ഭൂമിയിൽ ലഭിക്കാവുന്നതിൽ ഏറ്റം വലിയ പദവി ഏത് എന്ന ചോദ്യത്തിനൊരുത്തരമേ ഉള്ളൂ. ദൈവമക്കൾ എന്ന പദവി. അതിന്റെ മൂലധനം അഥവാ മുടക്കുമുതൽ എന്നത് ദൈവസ്നേഹമാണ്. അതുകൊണ്ടാണ് 'ദൈവ സ്നേഹം വർണ്ണിച്ചീടാൻ വാക്കുകൾ പോരാ' എന്നു കവി പാടിയത്.

ഒരു മനുഷ്യന് ഈ ഭൂമിയിൽ ലഭിക്കാവുന്നതിൽ ഏറ്റം വലിയ പദവി ഏത്എന്ന ചോദ്യത്തിനൊരുത്തരമേ ഉള്ളൂ. ദൈവമക്കൾ എന്ന പദവി. അതിന്റെ മൂലധനം അഥവാ മുടക്കുമുതൽ എന്നത് ദൈവസ്നേഹമാണ്.

ദൈവസ്നേഹമേ ദൈവസ്നേഹമേ
അതിനുള്ളകലം ഉയരം ആഴം
അപ്രമേയമേ.....

പാപക്കുഴിയിലാണ്ടുപോയ
നരനു മോചനം
പ്രാപിപ്പതിനു നിന്റെ ആഴം
ആണു കാരണം ദൈവസ്നേഹമേ..

സ്വർഗ്ഗമതിലുള്ള അനുഗ്രഹങ്ങൾ
ആഗ്രഹിക്കുവാൻ
യോഗ്യരല്ല എങ്കിലും
നരരർക്കതേകിയാ..... ദൈവസ്നേഹമേ..

ഇങ്ങനെ ഒരായിരം പാട്ടുകൾ ദൈവസ്നേഹത്തെക്കുറിച്ചു പാടാനുണ്ട്. പക്ഷെ ഇപ്പോഴും ദൈവസ്നേഹത്തിന്റെ വലിപ്പം മനസ്സിലാകാത്തവരാണ് നമ്മിൽ പലരും. ദൈവസ്നേഹം തിരിച്ചറിയാൻ മൂന്നു മാർഗ്ഗങ്ങളാണ്: (1) വിശ്വാസത്തോടും പ്രാർത്ഥനയോടുമുള്ള വചനധ്യാനം. (2) പരിശുദ്ധാത്മാവിൽ നിറഞ്ഞ ജീവിതം. അതായത് പരിശുദ്ധാത്മാവിനാൽ നിറഞ്ഞുകവിഞ്ഞുള്ള, പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുന്ന ജീവിതം. അങ്ങനെയുള്ളവരുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് ദൈവസ്നേഹംവെളിപ്പെടുത്തുകയും പകരുകയും ചെയ്യും. (3) ആത്മനിറവിൽ സുവിശേഷം പ്രസംഗിക്കുന്നതു ശ്രവിക്കുമ്പോൾ ദൈവസ്നേഹത്തിന്റെ വെളിപ്പാടു നമുക്കു ലഭിക്കും.

നാമോ നമ്മെ സ്നേഹിച്ചവൻ മുഖാന്തിരം ഇതിലൊക്കെയും പൂർണ്ണ ജയം പ്രാപിക്കുന്നു എന്ന് പൗലോസപ്പോസ്തലൻ പറയുമ്പോൾ കഷ്ടത, സങ്കടം, ഉപദ്രവം,നഗ്നത, പട്ടിണി, മരണം ഇവയെല്ലാം അതിൽ ഉൾപ്പെട്ടിരുന്നു. ഈ ലോകത്തിൽ ഒരു മനുഷ്യനു വരാവുന്ന ഏറ്റം വലിയ ദുരന്തങ്ങൾ പോലും ദൈവസ്നേഹത്താൽ മറക്കാനും ജയിക്കാനും കഴിയുമെന്നല്ലേ അതിന്റെ അർത്ഥം. ദൈവസ്നേഹത്തെക്കുറിച്ചുള്ള തിരിച്ചറിവു ലഭിച്ചവനെ തോൽപ്പിക്കാൻ ആർക്കും കഴിയില്ല. അതറിയാത്തവനെ ജയിപ്പിക്കാനും ആർക്കും കഴിയില്ല. ദൈവം നമ്മെ സ്നേഹിച്ചു എന്നതു മാത്രമാണു നമ്മുടെ വില. അതാണ് നമ്മുടെ പദവി. അതു തിരിച്ചറിഞ്ഞു ജീവിക്കുക എന്നതാണ് നമ്മുടെ ഏറ്റം വലിയ ദൗത്യം.

കേരള സംസ്ഥാനത്തെ മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി പദവിയിലിരുന്ന ഒരു I.A.S. ഓഫീസർ ഇപ്പോൾ സസ്പെൻഷനിലാണ് എന്ന വിവരം പത്രം വഴിയായി നാം എല്ലാവരും അറിഞ്ഞതാണല്ലോ. ഇദ്ദേഹത്തിനെതിരെ പല ആരോപണങ്ങൾ വന്നെങ്കിലും മുഖ്യമന്ത്രി ആക്കിവെച്ച ഒരു ഉന്നത ഉദ്യോഗസ്ഥൻ എന്ന നിലയ്ക്കു അദ്ദേഹത്തെ പരമാവധി സംരക്ഷിക്കാൻ മുഖ്യമന്ത്രി ശ്രമിച്ചു, എങ്കിലും ഇപ്പോൾ സസ്പെൻഡു ചെയ്യേണ്ടിവന്നു. പദവി ദുരുപയോഗം ചെയ്തുവെന്നാണ് ആരോപണം. സത്യം പതുക്കെ മാത്രമേ തെളിയുകയുള്ളൂ. പക്ഷെ ഇത്രയും ഉന്നത പദവിയിലിരിക്കുന്ന ഒരാളെപ്പറ്റി ഇത്രയും മ്ലേച്ഛമായ കാര്യം കേട്ടതു തന്നെ നാണക്കേട്. ഒരു പക്ഷെ ഇതാരെങ്കിലും കെട്ടിച്ചമച്ചതാണെങ്കിൽ അതും സാവധാനത്തിൽ തെളിയുമല്ലോ.

എന്നാൽ നമ്മൾ ദൈവമക്കൾ, ദൈവദാസന്മാർ, നമ്മുടെ പദവി മനസ്സിലാക്കിയിട്ടുണ്ടോ? ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല എന്നൊരു വചനമുണ്ട്. അതിന്റെ അർത്ഥ വ്യാപ്തി എനിക്കെത്ര ധ്യാനിച്ചിട്ടും പൂർണ്ണമായി ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. മഹാ ദൈവത്തിനൊരു അഡ്രസ് ലോകത്തിൽ വേണമായിരുന്നു; ഈജിപ്തിലെ ചക്രവർത്തിയോടു പറയാൻ. ചക്രവർത്തിയുടെ മുമ്പിലേക്കു പോകുന്ന മോശെയ്ക്കു ദൈവം തന്റെ മേൽവിലാസം കൊടുക്കുമ്പോൾ അബ്രഹാമിന്റെ കെയർ ഓഫ് അഡ്രസ്സാണ് കൊടുത്തത്. ഞാൻ അബ്രഹാമിന്റെ ദൈവമാണെന്നും അവൻ എന്റെ മകനാണെന്നും പറയാൻ ദൈവത്തിന് അഭിമാനമായിരുന്നു. ലജ്ജയില്ലായിരുന്നു. ഹാ എന്തൊരു ജീവിതം? എന്തൊരു മാന്യത? പ്രിയ ദൈവമക്കളേ, പദവി ദുരുപയോഗം ചെയ്യല്ലേ? എത്ര നാൾ ദൈവം നമ്മെ പ്രൊട്ടക്ട് ചെയ്യും? ഒരിക്കൽ മഹാപുരോഹിതനായ യോശുവയേയും പിന്നീടൊരിക്കൽ പത്രോസിനേയും കർത്താവ് പ്രത്യേകം പ്രൊട്ടക്ട് ചെയ്തു. (സഖര്യാവ് 3 : 1-3, ലൂക്കോസ് 22 : 31-32). ●

ചില ഓഫീസ് ക്രമീകരണങ്ങളുടെ അറിയിപ്പ്

1. ബ്രദർ കെ. വി. രാജുവിന്റെ വിയോഗത്തെ തുടർന്ന് അദ്ദേഹം നിവർത്തിച്ചുപോന്നിരുന്ന എഡിറ്ററുടെ ചുമതല ബ്രദർ പി. വി. വർഗീസിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചു. RNI യുടെ നടപടി ക്രമങ്ങൾ പൂർത്തിയാകുന്നതനുസരിച്ചു മാത്രമേ മാസികയിൽ പേര് പ്രസിദ്ധീകരിക്കുവാൻ കഴിയുകയുള്ളൂ.
2. മേൽപ്പറഞ്ഞ ക്രമീകരണം നിമിത്തം പ്രൊമോഷണൽ എക്സിക്യൂട്ടീവായി പ്രവർത്തിച്ചിരുന്ന ബ്രദർ ഷാജി ഉമ്മനെ ഓഫീസിന്റെ ചുമതലകൾ ഭരമേൽപ്പിച്ച് 'ഓഫീസ് മാനേജർ' ആയി നിയമിച്ചിരിക്കയാണ്.
3. Nerveedhi.com എന്ന നമ്മുടെ അപഡേറ്റ് ചെയ്ത വെബ്സൈറ്റ് ദയവായി സന്ദർശിക്കുക



എം.സി. കുര്യൻ

നിത്യതയുടെ അനശ്വര ചിന്തകളും ചില വ്യക്തിഗത ഓർമകളും

''ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടു കൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു" (2 കൊരിന്ത്യർ 5: 8).

മരണാനന്തര ജീവിതവും നിത്യതയുടെ അനശ്വരതയും ഏതു കാലത്തുമുള്ള ക്രിസ്തീയ ഭക്തരുടെ ഹരം കൊള്ളിക്കുന്ന ചിന്തകളായിരുന്നു. സാധു കൊച്ചുകുഞ്ഞുപദേശി തന്റെ മരണത്തിനു മുമ്പ്, തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന പ്രിയപ്പെട്ടവരോട് ഇങ്ങനെയാണ് പറഞ്ഞത്. "എന്റെ മരണശേഷം ധരിപ്പിക്കാൻ വെള്ളമുണ്ടും വെള്ള ഷർട്ടും ഒരുക്കി വെക്കണം. കല്ലറയിൽ ഇങ്ങനെ കൂടി എഴുതണം. ഇടയാറന്മുള മൂത്താമ്പാക്കൽ സാധു കൊച്ചു കുഞ്ഞുപദേശിയുടെ മൺകൂടാരം. ആത്മാവ് നക്ഷത്രഗോളങ്ങൾക്കപ്പുറം കർത്താവിനെ എതിരേൽപ്പാൻ പോയിരിക്കുന്നു! എന്റെ കർത്താവിന്റെ വരവിൽ എല്ലാവരുമായി കണ്ടുകൊള്ളാം.

ഡി.എൽ. മൂഡി മരണത്തിനു തൊട്ടുമുമ്പുള്ള ദിവസം തന്റെ അടുത്തുവന്നവരോട് ഇങ്ങനെ പറഞ്ഞതായി വായിച്ചിട്ടുണ്ട്: "അടുത്ത ദിവസത്തിലൊന്നിൽ ഇറങ്ങുന്ന പത്രത്തിൽ ഇങ്ങനെയൊരു വാർത്തയുണ്ടാകും. 'ഡി.എൽ. മൂഡി മരിച്ചു'. എന്നാൽ നിങ്ങളതു വിശ്വസിക്കരുത്. ഡി.എൽ. മൂഡി ഇപ്പോഴുള്ളതിനേക്കാൾ ചൈതന്യത്തോടെ പുതിയ ഒരു ജീവിതത്തിലേക്ക് കടക്കുകയായിരിക്കും. നശ്വരതയിൽ നിന്ന് അനശ്വരതയിലേക്ക്!"

അതേ, മരണത്തിനപ്പുറമുള്ള ജീവിതത്തിന്റെ മാഹാത്മ്യം കണ്ട ദൈവദാസന്മാരുടെ അന്ത്യമൊഴികൾ നമ്മെ നിത്യമായ ജീവിതത്തിന്റെ സൗഭാഗ്യത്തെ തൊട്ടുണർത്താൻ സഹായിക്കുന്നതാണ്. വചനവീഥിയിലൂടെ നാം ധ്യാനിക്കുന്ന വാക്യം ഈ ലോക ജീവിതത്തിനപ്പുറമുള്ള നിത്യതയുടെ മാഹാത്മ്യത്തെ സ്വർഗ്ഗത്തോളം ഉയർത്തുന്നു! 2 കൊരിന്ത്യർ 5 -ാം അദ്ധ്യായം 1 മുതൽ 10 വരെയുള്ള വചനം സ്വർഗ്ഗീയ ഭവനത്തിന്റെ മഹിമയും ഈ ലോകത്തിലെ താൽക്കാലിക ജീവിതത്തിന്റെ പ്രാധാന്യവും ഒരുപോലെ ഓർമ്മിപ്പിക്കുന്നതാണ്. 6 മുതൽ 8 വരെയുള്ള വാക്യങ്ങൾ ഇംഗ്ളീഷിൽ ഇങ്ങനെയാണ്: "Therefore we are always confident, knowing that while we are at home in the body we are absent from the Lord. For we walk by faith, not by sight. We are confident, yes, well pleased rather to be absent from the body and to be present with the Lord."(New KJV) ഓശന മലയാളം ബൈബിളിലും ഈ ആശയം വ്യക്തമാണ്. "അതുകൊണ്ട് ഞങ്ങൾക്ക് എപ്പോഴും ധൈര്യമുണ്ട്. ശരീരത്തിൽ വസിക്കുമ്പോൾ കർത്താവിൽ നിന്ന് അകന്നിരിക്കുന്നു എന്നു ഞങ്ങൾക്ക് അറിയാം. ഞങ്ങൾ വ്യാപരിക്കുന്നത് വിശ്വാസത്താലാണ്. കാഴ്ചയാലല്ല. ഞങ്ങൾക്ക് നല്ല ധൈര്യമുണ്ട്. ശരീരം വിട്ടു കർത്താവിനോടുകൂടെ വസിക്കാൻ ഞങ്ങൾ ഒരുക്കമാണ്."

ഭൂമിയിലെ വാസം പ്രവാസ കാലമാണെന്നുള്ള തിരിച്ചറിവ് പഴയ നിയമ ഭക്തന്മാരെ നന്നായി ഭരിച്ചിരുന്നു. ഭൗതിക സമൃദ്ധിയുടെ നെറുകയിലായിരുന്നപ്പോഴും അബ്രഹാം, യിസഹാക്ക്, യാക്കോബ് തുടങ്ങിയ ഗോത്ര പിതാക്കന്മാർ കൂടാരങ്ങളിൽ പാർത്തുകൊണ്ടായിരുന്നു ദൈവം ശില്പിയായി നിർമ്മിച്ച സ്വർഗ്ഗീയ ഭവനത്തിനായി കാത്തിരുന്നത് (എബ്രായർ 11 : 9, 10). ഇന്ന് നമ്മുടെ ഭൂമിയിലുള്ള സമ്പത്തിന്റെ ഒരു നേർക്കാഴ്ച നാം നിർമ്മിക്കുന്ന വലിയ വീടുകളിലാണല്ലോ? അവിടെയാണ് വാഗ്ദത്ത ദേശമായി കനാനിൽ എത്തിയിട്ടും അവരുടെ പിതൃദേശത്തെ ദർശിച്ചു പ്രവാസ ജീവിതം നയിച്ച വിശ്വാസ വീരന്മാരുടെ സവിശേഷത.

വിശുദ്ധ പൗലോസ് കൊരിന്ത്യാ വിശ്വാസിക

ളോട് അഭിമാന കാര്യമായി പറയുന്നത് നാമും മറക്കരുത്. "അതുകൊണ്ട് ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ഞങ്ങൾ അവനെ പ്രസാദിപ്പിക്കുന്നവർ ആകുവാൻ അഭിമാനിക്കുന്നു" (2കൊരിന്ത്യർ 5 : 9). ഫിലിപ്യാ സഭയ്ക്കു കത്തെഴുതുമ്പോൾ തന്റെ ജീവിത സാക്ഷ്യം ഇപ്രകാരമാണ് പൗലോസ് വ്യക്തമാക്കുന്നത്. "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു." കുറച്ചുകൂടി വ്യക്തമാക്കുമ്പോൾ അത് ഇങ്ങനെ: എനിക്കു ജീവിക്കയെന്നാൽ ക്രിസ്തുവും മരിക്കയെന്നാൽ നേട്ടവുമാണ് (ഫിലിപ്പിയർ 1: 21). അടുത്ത വാക്യങ്ങൾ നിത്യമായ ജീവിതത്തിന്റെ ആകർഷണീയതയും ഭൂമിയിലുള്ള താൽക്കാലിക ജീവിതത്തിന്റെ ദൗത്യ മഹിമയും വ്യക്തമാക്കുന്നു. 'ഈ ശരീരത്തിൽ ഇനിയും ജീവിക്കുകയാണെങ്കിൽ, ഫലപ്രദമായി ഞാൻ ജോലി ചെയ്യും. എന്നാൽ ഞാൻ ഏതു തെരഞ്ഞെടുക്കും എന്നു പറയാൻ വിഷമമമാണ്. ഇവ രണ്ടിനും (ജീവിതത്തിനും മരണത്തിനും) ഇടയിൽപെട്ടു ഞാൻ കഠിനമായി ഞെരുങ്ങുന്നു. ഇവിടെ നിന്നു പിരിഞ്ഞു ക്രിസ്തുവിനോടു ചേരണം എന്നാണ് എന്റെ ആഗ്രഹം. അതാണ് ഏറ്റം നല്ലത്'

ഉവ്വ്, പൗലോസിന്റെ വീക്ഷണമണ് ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചും നമുക്കും വേണ്ടത്. എപ്പോൾ വേണമെങ്കിലും മരണം സംഭവിക്കാമെന്നുള്ള തിരിച്ചറിവുള്ളവർക്ക് മരണം ഒരിക്കലും 'അകാലത്തിലും അപ്രതീക്ഷിത സമയത്തും' ആകുകയില്ല! പത്രോസിന്റെ വാക്കുകളും ഉന്നതമാണ്. 'നമ്മുടെ കർത്താവായ യേശുക്രിസ്തു എനിക്കു അറിവു തന്നതുപോലെ എന്റെ കൂടാരം പൊളിഞ്ഞു പോകാൻ അടുത്തിരിക്കുന്നു എന്ന് അറിഞ്ഞിരിക്കയാൽ ....'(2 പത്രോസ് 1 : 13). ദാവീദ് രാജാവിന്റെ പ്രാർഥനയും വളരെ അർത്ഥവത്താണല്ലോ. "കർത്താവേ, എന്റെ അന്ത്യത്തെക്കുറിച്ച് എന്നെ ബോധവാനാക്കിയാലും, എനിക്ക് എത്ര ദിനങ്ങളുണ്ട്! എത്ര ക്ഷണികമാണ് എന്റെ ജീവിതമെന്ന് എനിക്കു മനസ്സിലാക്കിതന്നാലും!" (സങ്കീർത്തനം 39 : 4). എപ്പോൾ വേണമെങ്കിലും നമ്മുടെ ഈ ലോക ജീവിതാന്ത്യം സംഭവിക്കാമെന്നു ഗ്രഹിച്ചറിയുന്ന ഭക്തന്മാരാണ് എല്ലാവരോടും സമാധാനമായിരിക്കുന്നതിനും വിശുദ്ധ ജീവിതം നയിക്കുന്നതിനും തീവ്രയത്നം ചെയ്യുന്നത് (എബ്രായർ 12 : 14). മരണത്തിനു മുമ്പായി ക്രമീകരണവും നിരപ്പും പ്രാപിക്കുന്നത് നിത്യതയോടുള്ള ബന്ധത്തിലെ ശുദ്ധീകരണത്തിന്റെ ഭാഗമാണന്നു മനസ്സിലാക്കുന്ന ഭക്തന്മാരുടെ എണ്ണം ചുരുക്കമത്രേ!

എപ്പോൾ വേണമെങ്കിലും നമ്മുടെ കർത്താവും ന്യായാധിപതിയുമായവൻ വരുമെന്നുള്ള ചിന്തയും നമ്മിൽ കത്തിക്കൊണ്ടിരിക്കേണം. (വെളിപ്പാട് 22: 11,12, എബ്രായർ 10 : 37, 2 പത്രോസ് 3 : 9–13, ഫിലിപ്പിയർ 4 : 4, 5). അവിടുത്തെ വരവിങ്കൽ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും (ഫിലിപ്പിയർ 3 : 20, 21). നാം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായി കാത്തിരിക്കുന്നുവെന്ന പത്രോസ് നൽകുന്ന പ്രതീക്ഷ അനീതിയുള്ള ഈ ലോകത്ത് ജീവിക്കുന്ന ക്രൈസ്തവ ഭക്തർക്കുള്ള ഭാഗ്യകരമായ പ്രത്യാശയുടെ സന്ദേശമാണ്.

****

പ്രിയ സഹോദരൻ കെ.വി. രാജുവിനെ ഓർക്കുമ്പോൾ

നിത്യതയുടെ ഒളിമങ്ങാത്ത ഓർമ്മയുമായി തിടുക്കത്തോടെ ജീവിച്ച വ്യക്തിയായിരുന്നു എന്റെ പ്രിയ സ്നേഹിതനും നേർവീഥി മാസികയുടെ എഡിറ്ററുമായിരുന്ന കെ.വി. രാജു. 35 ൽ അധികം വർഷങ്ങൾ പല ആത്മീയ ശുശ്രൂഷകളിൽ ഞങ്ങൾ ഇരുവരും സഹപ്രവർത്തകരായിരുന്നു. ശാലോം ട്രാക്റ്റ് സൊസൈറ്റി, യുണൈറ്റഡ് പ്രെയർ സെൽ, ഗുഡ് ന്യൂസ് ചാരിറ്റബിൾ സൊസൈറ്റി എന്നിവയായിരുന്നു ആദ്യകാലത്ത് ഞങ്ങളുടെ ഒരുമിച്ചുള്ള പ്രവർത്തനങ്ങൾക്ക് വേദിയായത്. ട്രാക്ട് സൊസൈറ്റിയുടെ സ്ഥാപകനായ ബഹുമാനപ്പെട്ട വി.എം. മാത്യു സാർ പ്രസിഡന്റും ഞാൻ സെക്രട്ടറിയും കെ.വി.രാജു ജോയിന്റ് സെക്രട്ടറിയുമായി പ്രവർത്തിച്ച കാലം ഞാൻ ഓർക്കുന്നു. തുടർന്ന് ഏറിയ വർഷം പ്രിയപ്പെട്ട രാജുവായിരുന്നു ട്രാക്ട് സൊസൈറ്റി സെക്രട്ടറി.

1984 ൽ ആരംഭിച്ച കേരളത്തിലെ പ്രഥമ ഐക്യപെന്തക്കോസ്ത് പ്രാർഥനാ കൂട്ടായ്മയായ കോട്ടയം യുണൈറ്റഡ് പ്രെയർ സെല്ലിന്റെ പ്രാരംഭകാലത്തുതന്നെ എനിക്കുശേഷം ചില വർഷങ്ങൾ അതിന്റെ സെക്രട്ടറിയായി രാജു സ്തുത്യർഹമായ നിലയിൽ സേവനം ചെയ്തിരുന്നു. യു.പി.സി. യുമായുള്ള അദ്ദേഹത്തിന്റെ ബന്ധം അവസാന നാളോളം തുടർന്നിരുന്നു. ഗുഡ് ന്യൂസ് ചരിറ്റബിൾ

ശേഷം പേജ് 29 ▶



പി.വി.വർഗീസ്

ഭക്തന്മാരുടെ മരണം ദൈവത്തിനു വിലയേറിയത്

ഈ ലോകത്തിലെ കുടുംബങ്ങളിൽ ഒരേ രക്തത്തിൽ ജനിച്ച മക്കളെ സഹോദരങ്ങൾ എന്ന് ലോകം പറയുന്നു. എന്നാൽ സ്വർഗീയ പിതാവിന്റെ വചനത്താലും ആത്മാവിനാലും ജനിച്ച മക്കളെ ആത്മിക സഹോദരങ്ങൾ എന്ന് തിരുവെഴുത്തു പറയുന്നു. ലൗകീക ബന്ധം താല്കാലികമായിരിക്കുമ്പോൾ ആത്മിക ബന്ധം മരണത്തിനപ്പുറത്തു നിത്യത മുഴുവനും നിലനിൽക്കുന്നതാണ്.

ദൈവ സ്നേഹത്തിന്റെ നിറവിൽ പരസ്പരം പ്രബോധിപ്പിച്ചും ഉത്സാഹിപ്പിച്ചും അന്യോന്യം കരുതിയും സ്നേഹിച്ചും സഹായിച്ചും പ്രവർത്തിക്കുവാൻ കഴിഞ്ഞ കാലങ്ങളിൽ നേർവീഥി കുടുംബാംഗങ്ങളായിരുന്ന ഞങ്ങളെ ദൈവം സഹായിച്ചു. ഈ കുടുംബത്തിലെ ഞങ്ങളുടെ പ്രിയ സഹോദരൻ കെ വി രാജു, തന്റെ വേല തികച്ചു ഇക്കഴിഞ്ഞ 2020 ജൂലൈ ആറാം തീയതി ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മാനുഷികമായി ഞങ്ങൾക്ക് അത് ഒരു വലിയ നഷ്ടമാണെങ്കിലും ആത്മികമായി തന്റെ വാമൊഴിയായും വരമൊഴിയായും ഉള്ള ശുശ്രൂഷകൾ ഇന്നും ഞങ്ങൾക്ക് വലിയ മുതൽക്കൂട്ട് തന്നെയാണ്. തിരുവെഴുത്തു പരിശോധിക്കുമ്പോൾ ദൈവത്തിനു തന്റെ ഭക്തന്മാരുടെ മരണം വിലയേറിയതാകുന്നുവല്ലോ.

2012 ജനുവരി മാസമാണ് നേർവീഥിയുടെ ആദ്യ ലക്കം പ്രസിദ്ധീകരിക്കുന്നത്, അന്ന് മുതൽ കൊറോണ മൂലമുള്ള മുടക്കം ഒഴിച്ചാൽ മറ്റു എല്ലാ മാസങ്ങളിലും മുടക്കം കൂടാതെ എഡിറ്റർ, എഴുത്തുകാരൻ എന്നിങ്ങനെ വിവിധ നിലകളിൽ ദൈവം തനിക്കു നൽകിയിരുന്ന താലന്തുകൾ വായനക്കാർക്ക് ആത്മീക വർധനക്ക് ഉതകുന്ന തരത്തിൽ നിവർത്തിച്ചുപോന്നു. ആർ. വർഗീസ് എന്ന പേരിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളുടെ എഴുത്തുകാരനും അദ്ദേഹം തന്നെ ആയിരുന്നു. മാസികയിൽ പ്രസിദ്ധീകരിച്ചിരുന്ന വാർത്താവീഥി, 'നുറുങ്ങു കഥകൾ','കേട്ടറിവ്' തുടങ്ങിയവയും അദ്ദേഹത്തിന്റെ സംഭാവനകളായിരുന്നു. വിശേഷാൽ അനേകരെ സ്വാധീനിച്ചിരുന്നതാണ് അദ്ദേഹം എഴുതി വന്നിരുന്ന എഡിറ്റോറിയൽ, സമാപ്തി കുറിപ്പ് എന്നീ പംക്തികൾ. ഇക്കഴിഞ്ഞ ജൂലൈ ലക്കത്തിലെ സമാപ്തി കുറിപ്പ് ഉൾപ്പെടെ മാസികയുടെ ഏറെക്കുറെ എല്ലാ ജോലികളും കിടക്കയിൽ ആകുന്നതിനു മുൻപ് അദ്ദേഹം തന്നെ തീർത്തു വച്ചിരുന്നു. നേർവീഥി അയച്ചുകൊണ്ടിരിക്കുന്ന പ്രതിദിന ധ്യാനചിന്തകൾ നല്ലൊരു പങ്കും അദ്ദേഹത്തിന്റെ എഴുത്തുകളാണ്. 2015-16 ലെ അദ്ദേഹം എഴുതിയ ധ്യാനചിന്തകൾ 'പാതയ്ക്ക് പ്രകാശം' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിക്കുവാനും ദൈവം സഹായിച്ചു. ഇതിനിടയിൽ എടുത്തു പറയേണ്ട ഒരു കാര്യം, തന്റെ മാതാവും, പിതാവും മരിച്ച ദിവസങ്ങളിൽ പോലും മുടങ്ങാതെ രാത്രിയിൽ, ഓഫീസിൽ വന്നു അന്നത്തേക്കുള്ള ധ്യാനചിന്ത എഴുതി അയക്കുകയും ചെയ്തു. എത്ര തിരക്കായിരുന്നെങ്കിലും തന്റെ ഉത്തരവാദിത്വങ്ങൾ അദ്ദേഹം വീഴ്ച കൂടാതെ നിറവേറ്റിയിരുന്നു. ഇത് അദ്ദേഹത്തിന്റെ ദൈവീക ശുശ്രൂഷയിലുള്ള സമർപ്പണത്തെ കാണിക്കുന്നു. റൈചസ് പാത്ത് പബ്ലിക്കേഷൻ ട്രസ്റ്റിന്റെ സ്ഥാപക ട്രസ്റ്റിമാരിൽ ഒരാളായിരുന്നു പ്രിയ കെ. വി. രാജു.

അദ്ദേഹം രോഗിയായി കിടന്നിരുന്ന നാളുകളിൽ നേർവീഥി കുടുംബാംഗങ്ങളും ലോകമെമ്പാടുമുള്ള തന്നെ അറിയുന്ന മറ്റു പ്രിയപ്പെട്ടവരും തന്റെ സൗഖ്യത്തിനു വേണ്ടി ശ്രദ്ധയോടെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. തനിക്കു സൗഖ്യം നൽകി മടക്കി കൊണ്ടുവരുമെന്നായി രുന്നു ഞങ്ങൾ ഏവരുടെയും പ്രതീക്ഷ. എന്നാൽ ഞങ്ങളുടെ പ്രതീക്ഷക്കു വിരുദ്ധമായി ഞങ്ങളെ നടുക്കിക്കൊണ്ട് ദൈവം തന്റെ പ്രിയ ദാസനെ സ്വസ്ഥതയിലേക്കു ചേർത്തു. എന്തുകൊണ്ട് ദൈവം അങ്ങനെ ചെയ്തു എന്നത് ഞങ്ങളിൽ ചിന്താക്കുഴപ്പം ഉണ്ടാക്കി.

അതിനുത്തരമായി ലഭിച്ച ഒരു ആലോചന പങ്കുവക്കട്ടെ. 'നീതിമാൻ നശിക്കുന്നു, ആരും അത് ഗണ്യമാക്കുന്നില്ല; ഭക്തന്മാരും കഴിഞ്ഞുപോകുന്നു; നീതിമാൻ അനർഥത്തിനു മുൻപേ കഴിഞ്ഞു പോകുന്നു എന്ന് ആരും ഗ്രഹിക്കുന്നില്ല. അവൻ സമാധാനത്തിലേക്കു പ്രവേശിക്കുന്നു. നേരായി നടക്കുന്നവരൊക്കെയും താന്താന്റെ കിടക്കയിൽ വിശ്രാമം പ്രാപിക്കുന്നു' (യെശയ്യാവ് 57 : 1 ,2) . നീതിമാനും ഭക്തനുമായ ഒരു മനുഷ്യന് ഏതെങ്കിലും അനർഥമോ മാറാരോഗമോ പിടിപെട്ടു മരിച്ചാൽ ലോകത്തിന്റെ ദൃഷ്ടിയിൽ അത് ഒരു ദോഷമായി അഥവാ നാശമായി പരിഗണിക്ക പ്പെടുന്നു. നീതിമാനായിട്ടും അവന് ഇങ്ങനെ വന്നുവല്ലോ എന്ന് ലോകം ചിന്തിക്കുന്നു. എന്നാൽ ദൈവത്തിന്റെ പ്രത്യേകമായ കരുതലിൽ അവനു വഹിക്കാൻ കഴിവില്ലാത്ത അവസ്ഥയിൽ അകപ്പെടാതെ അതിനു മുൻപ് തന്നെ അവൻ ദൈവ സന്നിധിയിലേക്ക്, നിത്യ സമാധാനത്തി ലേക്കു എടുക്കപ്പെടുകയാണ് ചെയ്യുന്നത് എന്ന് അധികമാരും അറിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. നിത്യതയിലെ വാസസ്ഥലം എന്ന പോലെ തന്നെ വിശ്രമത്തിനായുള്ള കിടക്കയും ഓരോ നീതിമാനും ഉണ്ട് എന്നാണ് ആലങ്കാരിക ഭാഷയിൽ വചനം നല്കുന്ന സൂചന. മരണത്തിനു ള്ള കാരണവും ഓരോ നീതിമാനും ഉണ്ട്. നീതിമാന് സംഭവിച്ചേക്കാവുന്ന അനർഥത്തിനു മുൻപേ അവൻ കഴിഞ്ഞു പോകുന്നു എന്നർത്ഥം. അതുകൊണ്ടു തന്നെ അത് നാശമല്ല, കരുതലാണ് എന്ന് മനസിലാക്കാവുന്നതാണ്. ഇത് അധികമാരും ഗ്രഹിക്കുന്നില്ല എന്നതാണ്, മേലുദ്ധരിച്ച വാക്യത്തിൽ അർത്ഥമാക്കുന്നത്.ദൈവത്തെ സ്നേഹിക്കുന്നവർക്ക് തിന്മക്കായി ഭവിച്ചേക്കാവുന്ന ഏതു ദോഷത്തെയും സർവശക്തനായ ദൈവം

മരണത്തിനുള്ള കാരണവും ഓരോ നീതിമാനും ഉണ്ട്. നീതിമാന് സംഭവി ച്ചേക്കാവുന്ന അനർഥത്തിനു മുൻപേ അവൻ കഴിഞ്ഞു പോകുന്നു എന്നർത്ഥം. അതുകൊണ്ടു തന്നെ അത് നാശമല്ല, കരുതലാണ്.

നന്മയ്ക്കാക്കി മാറ്റി അവരെ പരിരക്ഷിക്കുന്നു. ഈ വചനവും ചിന്തയും ഞങ്ങളുടെ ചിന്താക്കുഴപ്പത്തെ ദൂരീകരിച്ചു. നാളെ എന്ത് സംഭവിക്കുമെന്ന് മനുഷ്യരായ നമുക്ക് അറിയുവാൻ കഴിയുക യില്ലല്ലോ. എങ്കിലും ദൈവം അത് കൃത്യമായും, സ്പഷ്ടമായും അറിയുന്നു.... നിങ്ങൾക്കു കഴിയുന്നതിനു മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്കു സഹിക്കാൻ കഴിയേണ്ടതിനു പരീക്ഷയോടു കൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും (1 കൊരിന്ത്യർ 10 :13)

മനുഷ്യന് തെറ്റ് പറ്റാം എങ്കിലും ദൈവത്തിനു ഒരിക്കലും തെറ്റ് പറ്റുകയില്ല. രാജുവിന്റെ വിയോഗത്തിൽ ഞങ്ങൾക്ക് ദുഃഖവും വേദനയും ഉണ്ടെങ്കിലും ദൈവഹിതത്തിനു ഞങ്ങളെ തന്നെ സമർപ്പിച്ചും ക്രിസ്തുവിലുള്ളവർ ഇഹത്തിലെ എല്ലാം വിട്ടുപിരിഞ്ഞു ക്രിസ്തുവിനോട് കൂടെ അത്യുത്തമമായ അവസ്ഥയിൽ ആയിരിക്കുന്നു എന്ന് തിരുവെഴുത്തു പറയുന്നതിൽ സന്തോഷിച്ചും ദൈവഹിതത്തിനു വിധേയപ്പെട്ടും കൊണ്ട് ദൈവം ഏല്പിച്ച നിയോഗം ഞങ്ങൾ തുടരുകയാണ്. ദൈവം സകലതും അതാതിന്റെ സമയത്തു ഭംഗിയായി ചെയ്യുന്നു. തത്ക്കാലം ദുഃഖകരം എങ്കിലും ദൈവം തന്റെ പ്രവൃത്തി തന്റെ ഹിതപ്രകാരം നിവർത്തിക്കുന്നതു ഏവർക്കും ആശ്വാസവും അനുഗ്രഹവും തന്നെ ആയിരിക്കും. ദുഃഖിതരായിരിക്കുന്ന തന്റെ ഭാര്യയേയും മക്ക ളെയും മറ്റു കുടുംബാംഗങ്ങളെയും ദൈവം ആശ്വ സിപ്പിച്ചു വഴിനടത്തട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

രാജു ഏതു സാഹചര്യത്തിലും പ്രസന്നവദ നനായി കാണപ്പെട്ടിരുന്നു. സഹപ്രവർത്തകരോട് തികച്ചും സൗഹൃദത്തോടും സന്തോഷത്തോടും ഇടപെട്ടിരുന്നു എന്നത് മറക്കാനാവാത്ത ഒരു ധാർമിക ഗുണം തന്നെയായിരുന്നു. ഏതൊരാൾ ക്കും എന്ത് സഹായവും എപ്പോൾ വേണമെങ്കിലും ചെയ്യുവാൻ സദാസന്നദ്ധനായിരുന്നു. പുഞ്ചിരി ക്കുന്ന ആ മുഖം ഞങ്ങളുടെ കണ്മുൻപിൽ ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നു. ●



ഡോ. ജെസ്സി ജയ്സൺ

താഴ്വരയ്ക്കപ്പുറം ആ മനോഹരപർവ്വതം

"ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ളെവിടെ? മരണത്തിന്റെ വിഷമുള്ള് പാപം; പാപത്തിന്റെ ശക്തിയോ ന്യായ പ്രമാണം. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ജയം നൽകുന്ന ദൈവത്തിനു സ്തോത്രം." മരണമെന്ന വേദനിപ്പിക്കുന്ന യാഥാർത്ഥ്യത്തെ നേരിടുവാൻ ഏറെ കരുത്തു പകരുന്ന ഈ വാക്കുകൾ 1 കൊരിന്ത്യർ 15 : 55-57 -ലാണുള്ളത്. മരണത്തിന്റെ ഭയാനകതയിൽ ലോകമാകമാനം വിറങ്ങലിച്ചു നിൽക്കുന്ന ഈ കോവിഡ് കാലത്തിൽ ആശ്വാസം തേടുന്ന ആയിരങ്ങൾക്ക് നൽകുവാൻ നമ്മുടെ പക്കലുള്ളത് ദൈവവചനമാണ്; അതുമാത്രമാണ്. മരണത്തെ മുഖാമുഖം കാണുന്നവർ, സാമീപ്യം കൊണ്ടുപോലും ആശ്വാസം നൽകാൻ കഴിയാത്ത പ്രിയപ്പെട്ടവർ, ഒന്നു വിട ചോദിക്കുവാൻ പോലും അവസരം ലഭിക്കാതെ പോയവർ ഇങ്ങനെ മുറിവുകൾ ഉണങ്ങേണ്ടുന്ന ഒരുപാടു പേരെക്കൊണ്ട് നമ്മുടെ ലോകം, മുന്നേറുകയാണ്, ഇതിലേറെ അനിശ്ചിതമെന്നു തോന്നിപ്പിക്കുന്ന ഒരു ഭാവിയിലേക്ക്. നിൽക്കുന്ന ഇടമെല്ലാം ഇളകുമ്പോൾ ഉയിർപ്പിന്റെ ശക്തിയറിഞ്ഞ ഭക്തർക്ക് ഉറപ്പുള്ള അഭയം ക്രിസ്തുവിൽത്തന്നെയാണ്. നിരാശയുടെ കരാള ഹസ്തങ്ങളിൽ ഞെരിഞ്ഞമരുന്ന ചിലരെയെങ്കിലും ഈ നിത്യമായ അഭയസ്ഥാനത്ത് നാം എത്തിച്ചേരേണം.

തുറമുഖം വിടുന്ന കപ്പൽ

തനിക്ക് ഭൂതമുണ്ടെന്നാരോപിച്ച യഹൂദന്മാരോട് ശക്തിയുക്തം യേശുകർത്താവ് പറഞ്ഞ വചനമാണ് "ആമേൻ ആമേൻ, ഞാൻ നിങ്ങളോട് പറയുന്നു; എന്റെ വചനം പ്രമാണിക്കുന്നവൻ ഒരു നാളും മരണം കാണുകയില്ല" യോഹന്നാൻ 8 : 51. ക്രിസ്തുവിൽ വിശ്വസിക്കുന്നവൻ "മരിച്ചാലും മരിക്കില്ല" എന്ന മർമ്മം വെളിപ്പെടുത്തപ്പെട്ടത് മാർത്ത എന്ന സഹോദരിക്കാണ്. "ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരുനാളും മരിക്കയില്ല, ഇതു നീ വിശ്വസിക്കുന്നുവോ! (യോഹന്നാൻ 11 : 26) എന്നു ചോദിച്ച നാഥൻ താൻ "പുനരുത്ഥാനവും ജീവനും" ആണ് എന്ന സത്യമാണ് പ്രസ്താവിച്ചത്. രവി സക്കറിയാസ് ഒരിക്കൽ മരണത്തെ വിശേഷിപ്പിച്ചത് മനോഹരമായ ഒരു പർവ്വതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പുള്ള താഴ്വര" എന്നാണ്. ക്രിസ്തീയ ആത്മീകതയെക്കുറിച്ച് ഹൃദയസ്പർശിയായി എഴുതിയിട്ടുള്ള നൗവൻ എന്ന മഹത്വ്യക്തി ദേഹവിയോഗത്തെ കണ്ടത് നങ്കൂരമിട്ടു കിടന്നിരുന്ന കപ്പൽ തുറമുഖം വിടുന്ന മനോഹര ചിത്രമായാണ്. തുറമുഖത്ത് നിന്നുകൊണ്ട് ആ കാഴ്ച നോക്കിക്കാണുന്നവർക്ക് അത് മനം തകർക്കുന്ന ശൂന്യത സമ്മാനിക്കുമ്പോൾ അക്കരെ കണ്ണെത്താ ദൂരത്ത് കണ്ണിമ ചിമ്മാതെ കാത്തു നിൽക്കുന്ന നാഥന്റെ മുഖം നൽകുന്ന പ്രത്യാശ വർണ്ണനാതീതമാണ്. അപ്പോസ്തലനായ പൗലോസ് ഇതിനെ വീട്ടിലെത്തുന്ന അനുഭവമായാണ് നമുക്കു പരിചയപ്പെടുത്തുന്നത്. (Apart from the body is at home with the Lord) ഫിലിപ്പിയർ 1 : 23. ഹ്രസ്വമാകട്ടെ ദീർഘമാകട്ടെ എല്ലാ ജീവിതത്തിന്റെയും കണക്കുകൾ അവിടെ സമർപ്പിക്കേണ്ടതായി വരും. ആ നാളിൽ അടിസ്ഥാനരഹിതമായ ന്യായങ്ങളും, കണക്കുകളും ഉന്നയിക്കുന്നവരോട് "എന്നെ വിട്ടു പോകുവീൻ" എന്ന് ഞാൻ

പറയും എന്ന മുന്നറിയിപ്പോടെയാണ് മനോഹര മായ ഗിരിപ്രഭാഷണം സമാപിക്കുന്നത് നമുക്ക് ആശ്ചര്യമാകാം (മത്തായി 7:22-23). പക്ഷേ, അതാ ണ ക്രിസ്തുനാഥൻ മറച്ചു വയ്ക്കുവാനിഷ്ടപ്പെ ടാത്ത യാഥാർത്ഥ്യം. ക്രിസ്തുവിലായി എന്നഭിമാ നിച്ചാൽ മാത്രം പോരാ, വചനമനുശാസിക്കുന്ന ഒരു വലിയ ഉത്തരവാദിത്വവും തികയ്ക്കുവാനുണ്ട് എന്ന താണ് സന്ദേശം.

ജീവകാലത്ത് ഏറ്റം പ്രസ്ക്തമെന്ന് കരുതി ചേർത്തണച്ച ചോദ്യങ്ങൾ പലതും മരണത്തിലും അതിലേക്ക് ഒരുക്കപ്പെടുമ്പോഴും അപ്രസക്തമാകു ന്നത് മനുഷ്യൻ തിരിച്ചറിയാറുണ്ട്. എത്ര കാലം ജീവിച്ചു, എത്ര സ്വത്തുക്കൾ സമ്പാദിച്ചു, എത്ര ഡോക്ടറേറ്റുകൾ നേടി, എത്ര ഗംഭീരമായ ശവസം സ്കാരമായിരിക്കണം തുടങ്ങിയവയൊക്കെ ഉദാഹ രണങ്ങളാണ്. ക്രിസ്തുവിലൂടെ ലഭ്യമാകുന്ന ര ക്ഷാദാനവും നിത്യജീവന്റെ ഉറപ്പും അവകാശ മാക്കിയോ? ക്ഷമ പ്രാപിക്കുവാനുള്ള ഏതെങ്കിലും വിഷയങ്ങളോ വ്യക്തികളോ ശേഷിപ്പുണ്ടോ? ദൈവം ഏല്പിച്ച കടമകൾ ഈ നിമിഷം വരെ വിശ്വസ്തതയോടെ നിറവേറ്റിയിട്ടുണ്ടോ തുടങ്ങിയ ചോദ്യങ്ങളാകട്ടെ അസാധാരണമായ പ്രസ്ക്തി യോടെ മുഴങ്ങിക്കേൾക്കുകയും ചെയ്യുന്നു. ദൈവ മെന്ന സ്രഷ്ടാവിന്റെ ഇഷ്ടം നിവർത്തിക്കുക എന്ന ലക്ഷ്യം വിവേകിയായ മനുഷ്യനു മാത്രമേ ഉണ്ടാ വൂ. മൂഢനാകട്ടെ "ദൈവം ഇല്ല" എന്നു ഹൃദയത്തി ൽ പറഞ്ഞ് ജീവിക്കുവാനാണിഷ്ടം (സങ്കീർത്തനം 53 : 1).

ദൈവഹിതം പൂർത്തിയാകുമ്പോൾ, ദൈവം നിശ്ചയിച്ചിരുന്ന ദൗത്യം നിറവേറ്റപ്പെടുമ്പോൾ താഴ്വരയിലൂടെ നാം ആ മനോഹര പർവ്വതത്തി ലേക്ക് യാത്രയാവുകയായി. വിയോഗത്തിന് കാര ണമാകുന്ന അവസ്ഥ പോലും അത്ര വിശേഷമാ ണെന്ന് തോന്നാറില്ല തിരുവെഴുത്തിലെ ഉദാഹരണ ങ്ങൾ കാണുമ്പോൾ. വഴിപാടിൽ മാത്രമല്ല, വ്യ ക്തിയിലും യഹോവ പ്രസാദിക്കത്തക്കവണ്ണം ജീവിച്ച ഹാബേൽ (ഉല്പത്തി 4) ചെറുപ്രായത്തിൽ സഹോദരനാൽ കൊല്ലപ്പെടുന്നു, "അവൻ വള രേണം ഞാനോ കുറയേണം" എന്ന ഏക ലക്ഷ്യ വുമായി യേശുനാഥന് പാതയൊരുക്കിയ ആ ജീ വിതം നല്ല യൗവ്വനത്തിൽ അധാർമ്മികതയുടെ വിലപേശലിൽ തകർക്കപ്പെട്ട്, തല താലത്തിൽ ഒരു സമ്മാനമായിത്തീരുന്നു (മത്തായി 14). ഇതൊക്കെ ഒരുപാട് ചോദ്യങ്ങൾ മനസ്സിലുയർത്തിയിട്ടുള്ള വിവ രണങ്ങളല്ലേ? ആവർത്തനപുസ്തകം അവസാനി ക്കുന്നത് ആവർത്തന വിരസതയില്ലാത്ത അതിമ നോഹരമായ ഒരു ദേഹവിയോഗത്തോടു കൂടെയാ ണ്. **ഇനിയുമേറെ ദൗത്യം ചെയ്തെടുക്കുവാൻ ആരോഗ്യവും മിടുക്കുമുണ്ടായിരുന്ന മോശെ യെന്ന അസാധാരണ നേതാവിനോട് ദൗത്യം ബാക്കി നിർത്തി തിരികെ പോരുവാൻ വിളി ക്കുന്ന ദൈവം! തുടർന്നുള്ളത് പൂർത്തിയാക്കു വാൻ കപ്പലുകൾ ഒരുക്കപ്പെട്ടു കഴിഞ്ഞു; മോശെയേ നീ തുറമുഖം വിട്ടുകൊള്ളൂ; അക്കരെ ഞാൻ കാത്തു നിൽക്കുന്നു എന്ന ആഹ്വാനമാ യിരുന്നിരിക്കാം; അല്ലെങ്കിൽ, ഇനിയുള്ള യുദ്ധ ങ്ങൾ നിനക്കുള്ളതല്ല. നിനക്കുള്ളത് എന്റെ പർവ്വതത്തിലെ സന്തോഷവും വിശ്രാമവുമാണ് എന്ന കാവ്യമായിരുന്നിരിക്കാം.** ചരിത്രം കണ്ടി ട്ടില്ലാത്ത തരത്തിൽ മോശെയുടെ ദേഹവിയോഗം സാധ്യമാക്കിയത്. പരമാധികാരിയായ ദൈവത്തിന് സമ്പൂർണ്ണമായി വിധേയപ്പെടുന്ന ഒരു മനുഷ്യന്റെ അത്ഭുതാവഹമായ ഒരു ചരിത്രം. സാഹചര്യങ്ങൾ മോശെ തുടരട്ടെ എന്ന് ശക്തിയോടെ ആർത്തുവി ളിച്ചാലും ദൈവത്തിന്റെ വിളി അതിന് മുകളിൽ നിറവേറ്റപ്പെട്ടു.

മരണത്തിലും നിറവേറ്റപ്പെടേണ്ടുന്ന നിയോ ഗങ്ങൾ:

ജീവിതകാലത്ത് മാത്രമല്ല, മരണത്താഴ്വര യിലും ദൈവ മനുഷ്യന് പൂർത്തീകരിക്കുവാൻ ദൗത്യങ്ങളുണ്ട്. ക്രൂശിനെ ലക്ഷ്യമാക്കി നടന്നു നീങ്ങിയ ക്രിസ്തുനാഥന്റെ പാത പവിത്രമായിരു ന്നു. ധ്യാനിക്കുവാൻ ഏറെയുണ്ട് അതിൽ.

* സഹചാരികൾക്ക് ആശ്വാസവും മാനസിക തയ്യാറെടുപ്പും നൽകി. യോഹന്നാൻ 13 -ാം അദ്ധ്യായം മുതൽ.
* സ്നേഹിച്ചിരുന്ന കുടുംബാംഗങ്ങൾക്ക് കരു തൽ ഉറപ്പു വരുത്തി (യോഹന്നാൻ 19 : 25-27)
* കഠിനമായ വ്യഥക്കിടയിൽ ആത്മാവിൽ ബല പ്പെടുവാൻ സ്വയം ഏല്പിച്ചു (മത്തായി 26 : 36 മുതൽ)
* പ്രാണൻ പിടയുമ്പോഴും മറ്റുള്ളവർക്കായി ക്ഷമയുടെ പ്രാർഥന കഴിച്ചു (ലൂക്കോസ് 23: 34).
* പൂർണ്ണ ധൈര്യത്തോടെ ആത്മാവിനെ പിതാ വിങ്കൽ ഭരമേൽപ്പിച്ചു (ലൂക്കോസ് 23 : 46)

വേർപാടുകൾ വേദനാജനകമാണെങ്കിലും പൂർത്തിയാക്കപ്പെടുന്ന ഇത്തരം നിയോഗങ്ങൾ ശേ ഷിക്കുന്നവർക്ക് ആശ്വാസ നിർഭരമായ വഴിവിളക്കു കളാണെന്നത് തീർച്ച. •



കെ. വി. ശാമുവേൽ

ജീവിത യവനിക ഇതാ താഴുകയാണോ!?

ഒരു ദൈവപൈതലിന്റെ ജീവിതയവനിക താഴുമ്പോൾ നിത്യതയുടെ കവാടം അവനായി തുറക്കുകയാണ്. ഭക്തനായ വി. നാഗൽ സായ്പ്പ് പാടിയതുപോലെ, നമ്മെ എതിരേൽപ്പാനായി ഒരുങ്ങി നില്ക്കുന്ന ദൂതന്മാരെയാണ് പിന്നെ നാം ദർശിക്കുന്നത്.

ജീവിതസാഹചര്യങ്ങളിൽ നാം തിരക്കിട്ട് മുന്നോട്ടു പോകുമ്പോൾ, ജീവിക്കാനേറെക്കാലം ഇനിയുമുണ്ടെന്നും, നേടിയെടുക്കുവാൻ ലക്ഷ്യങ്ങൾ അനവധിയുണ്ടെന്നും, പൂവണിയാൻ സ്വപ്നങ്ങളും, വെട്ടിപ്പിടിക്കുവാൻ മേഖലകളുമേറെയുണ്ടെന്നുമുള്ള ഒരു മിഥ്യാധാരണയിൽ ജീവിതത്താളുകൾ മറിഞ്ഞു മറിഞ്ഞു പോകുന്നതുപോലും തിരിച്ചറിയാതെ, ഒരു പക്ഷേ യാന്ത്രികമായും, അലസമായും ജീവിച്ചു പോകുമ്പോഴല്ലേ, എല്ലാം തകർന്നടിഞ്ഞു പോകുമാറ്, പൊടുന്നനവെ ഒരു മിന്നൽപ്പിണർപോലെ നാം തിരിച്ചറിയുന്നു ജീവിതയവനിക ഇതാ താഴുകയാണ് .

ഭക്തന്മാരുടെ ജീവിതം പരിമിതപ്പെടുകയും, ഒരു പക്ഷെ പെട്ടെന്നുള്ള മരണം സംഭവിക്കുകയും ചെയ്യുമ്പോൾ, അതെന്തു കൊണ്ട് അങ്ങനെ സംഭവിച്ചു എന്ന് ചോദ്യചിഹ്നങ്ങളുടെ തിരമാലകൾ ഉയർന്നുവരുന്നത് തികച്ചും സ്വാഭാവികമാണ്. നിഷ്കളങ്കനും, നേരുള്ളവനും, ദോഷം വിട്ടകലുന്നവനും, ദൈവഭക്തനുമായിരുന്ന ഇയ്യോബിന്റെ ജീവിതത്തിൽ കഷ്ടനഷ്ടങ്ങൾ വന്നപ്പോൾ ഒരു കാരണം കൂടാതെ അങ്ങനെ സംഭവിക്കുകയില്ല എന്ന് സമർത്ഥിക്കുവാനായിരുന്നു അവന്റെ സ്നേഹിതന്മാർ ബദ്ധപ്പെട്ടത്. ഇയ്യോബിന്റെ ഭക്തിയിലൊന്നും വലിയ കഴമ്പില്ല എന്നായിരുന്നു തന്റെ ഉറ്റവരുടെ പോലും വിലയിരുത്തൽ. എന്നാൽ, ദൈവം ദോഷമായിട്ടൊന്നും ചെയ്യുകയില്ല എന്നും, അവിടുന്ന് സകലവും നന്മക്കായി കൂട്ടിയിണക്കുകയാണെന്നും ഒരു ഭക്തന് തിരിച്ചറിയുവാൻ ബുദ്ധിമുട്ട് ഉണ്ടാകുകയില്ല. യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം വാഴ്ത്തപ്പെടുമാറാകട്ടെ എന്ന് പറഞ്ഞ ഇയ്യോബിന്റെ കയ്യിൽ നഷ്ടപ്പെട്ടതിന്റെയെല്ലാം ഇരട്ടി കൊടുത്തു മാനിച്ച മഹാദൈവം നമുക്കും വിശ്വസ്തനാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ പോലും, ഭാരിച്ച ചില ജോലികൾ ശ്രമകരമായി നാം ചെയ്തു തീർത്തു കഴിയുമ്പോൾ, സ്വാഭാവികമായും അൽപ്പം വിശ്രമിക്കുക എന്നത് ലോക നിയമമാണ്.

ഭക്തന്മാരുടെ ജീവിതം പരിമിതപ്പെടുകയും, ഒരു പക്ഷെ പെട്ടെന്നുള്ള മരണം സംഭവിക്കുകയും ചെയ്യുമ്പോൾ, അതെന്തു കൊണ്ട് അങ്ങനെ സംഭവിച്ചു എന്ന് ചോദ്യചിഹ്നങ്ങളുടെ തിരമാലകൾ ഉയർന്നുവരുന്നത് തികച്ചും സ്വാഭാവികമാണ്.

എന്റെ പ്രിയ സഹോദരൻ സുവി. കെ.വി. രാജു കഴിഞ്ഞ നാലു പതിറ്റാണ്ടോളം സുവിശേഷ സാഹിത്യ രംഗത്തും, ജീവകാരുണ്യ പ്രവർത്തനങ്ങളിലും, സഭാപരിപാലന ശുശ്രൂഷയിലുമെല്ലാം, മാതൃകാപരമായ തന്റെ സംഭാവനകൾ നൽകിവരവെ, വളരെ പെട്ടെന്ന് ഗുരുതരമായ ഉദരരോഗം ബാധിച്ച് തിരശീലക്കപ്പുറത്തേക്ക് മറയുന്നതിനു മണിക്കൂറുകൾക്കു മുമ്പായി, സ്വർഗത്തിൽ ദൈവം തനിക്കായി ഒരുക്കിയിരിക്കുന്ന തന്റെ സ്വന്തം ഭവനത്തെക്കുറിച്ച് കൃത്യമായ ദർശനം ലഭിക്കുന്നതിനും, താൻ ആ വീട്ടിലേക്ക് പോകുകയാണെന്നും, തന്നെ അതിനനുവദിക്കണമെന്നും തന്റെ സഹധർമ്മിണിയോട് വിടപറഞ്ഞിട്ട് വിശ്രമത്തിലേക്ക് പ്രവേശിക്കയും ചെയ്തു.

തികച്ചും അനിശ്ചിതത്വം നിറഞ്ഞ ഈ ലോകത്തിൽ നാം ഓരോരുത്തരും ജീവിക്കുമ്പോൾ നിത്യതയെക്കുറിച്ചും, അവിടെ നമുക്കു ലഭിക്കുവാൻ പോകുന്ന മഹാപ്രതിഫലത്തെക്കുറിച്ചും നിശ്ചയം പ്രാപിച്ച്, നമ്മുടെ ജീവിതത്തിൽ നമ്മെ വിശ്വസ്തരെന്ന് എണ്ണി ദൈവം ഭരമേല്പിക്കുന്ന ശുശ്രൂഷകളും, ദൗത്യങ്ങളും ത്വരിതഗതിയിൽ ചെയ്തു തീർക്കുവാൻ തക്കവിധം കണ്ണു തുറപ്പിക്കുന്നതാണ് ഇതുപോലുള്ള ഓരോ സാക്ഷ്യങ്ങളും. കോടാനുകോടി ദൂതന്മാരുടെയും, അനേകായിരം വിശുദ്ധന്മാരുടെയും മുമ്പാകെ, നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് നമ്മെ പേരുവിളിച്ച്, ഓരോ അനുസരണത്തിനും പ്രവർത്തികൾക്കും തക്കതായ പ്രതിഫലം തന്നു മാനിക്കുവാൻ അവിടുന്ന് കാത്തിരിക്കുന്നു. (വെളിപ്പാട് : 22:12) ലോകത്തിൽ നമുക്ക് അർഹമായ പലതും ലഭിക്കാതിരിക്കാൻ ലോകക്കാർ പല സ്വാധീനങ്ങൾ ചെലുത്തിയെന്നു വരാം. സ്വർഗ്ഗത്തിൽ നമ്മുടെ അവകാശം നമ്മൾ നിശ്ചയമായും പ്രാപിക്കും. അവിടെ ആരുടെയും ശുപാർശ ആവശ്യമില്ല. കർത്താവ് നീതിയുള്ള ന്യായാധിപതിയായി നമുക്കുണ്ട്. ഇവിടെ ചെയ്യേണ്ടതായ കാര്യങ്ങളിൽ നമ്മൾ കൃത്യവിലോപം നടത്തിയാൽ, ലോകം വിട്ടതിനുശേഷം പിന്നെ അത് നികത്താൻ സാദ്ധ്യമല്ലല്ലോ. തന്റെ താഴ്ചയിൽ നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിനു ന്യായം കിട്ടാതെ പോയെങ്കിലും, ലോകത്തിൽ നമുക്ക് നിഷേധിക്കപ്പെട്ട ന്യായങ്ങൾക്കു തക്കവണ്ണം നമ്മുടെ ന്യായം തീർക്കുന്ന നാൾ ഒട്ടും വിദൂരമല്ല.

നമ്മൾ കർത്താവിന്റെ നാമത്തിൽ ചെയ്യുന്നതൊന്നും, ഇവിടെ പ്രശംസയോ പദവിയോ സ്ഥാനമാനങ്ങളോ കിട്ടാനല്ലല്ലോ. ചിലർക്ക് ഇവിടെവെച്ചു തന്നെ പ്രതിഫലം കിട്ടിപ്പോയി എന്ന് കർത്താവ് തന്നെ പറഞ്ഞിട്ടുണ്ട്. (മത്തായി 6-ാം അദ്ധ്യായം) മണ്ണെപ്രതി മാണിക്യം വെടിഞ്ഞ അക്കൂട്ടർ, ഒരു പക്ഷെ, സ്വർഗത്തിൽ ചെന്നാലും, ലജ്ജിച്ചു തലതാഴ്ത്തി നിൽക്കേണ്ടിവരും. മഹാപ്രതിഫലമുള്ള നമ്മുടെ ധൈര്യം തള്ളിക്കളയാതെ വേഗത്തിൽ നമ്മുടെ ദൗത്യം നിർവഹിച്ചുകൊണ്ട് നമ്മുടെ ജീവിതയാത്ര തുടരാം. സകലവും വിട്ട് ഗുരുവിനെ അനുഗമിച്ചവർക്ക് ഈ ലോകത്തിൽ നൂറു മടങ്ങും, വരുവാനുള്ള ലോകത്തിൽ നിത്യജീവനും ലഭിക്കുമെന്ന് കർത്താവ് പറഞ്ഞത് ശ്രദ്ധേയമാണ് (മത്തായി 19:29).

വയലിൽനിന്നും വേലകഴിഞ്ഞ് ക്ഷീണിച്ചു വരികയായിരുന്ന കുറേനക്കാരനായ ശിമോൻ, പട്ടാളത്തിന്റെയോ പോലീസിന്റെയോ നിർബന്ധം കാരണം കർത്താവിന്റെ ക്രൂശിന്റെ ഒരറ്റം താങ്ങിപ്പിടിച്ചത് വ്യർത്ഥമായിപ്പോകാതെ, തന്റെ മകനായ രൂഫോസിനെ കർത്താവിൽ പ്രസിദ്ധനാക്കി മാറ്റി. (റോമർ 16: 13) നമ്മുടെ പ്രസിദ്ധി കർത്താവിലാണെങ്കിൽ എത്ര ഉത്തമം!

നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ നമുക്ക് ഏറ്റവും അടുത്തിരിക്കുന്നതിനാൽ വിശ്വാസത്തിൽ ക്ഷീണിക്കാതെ, നല്ല പോരാട്ടം പോരാടി, ഓട്ടം തികച്ച് പ്രതിഫലം പ്രാപിക്കുവാൻ നമ്മെ ഓരോരുത്തരെയും ദൈവം സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ■

തികച്ചും അനിശ്ചിതത്വം നിറഞ്ഞ ഈ ലോകത്തിൽ നാം ഓരോരുത്തരും ജീവിക്കുമ്പോൾ നിത്യതയെക്കുറിച്ചും, അവിടെ നമുക്കു ലഭിക്കുവാൻ പോകുന്ന മഹാപ്രതിഫലത്തെക്കുറിച്ചും നിശ്ചയം പ്രാപിച്ച്, നമ്മുടെ ജീവിതത്തിൽ നമ്മെ വിശ്വസ്തരെന്ന് എണ്ണി ദൈവം ഭരമേല്പിക്കുന്ന ശുശ്രൂഷകളും, ദൗത്യങ്ങളും ത്വരിതഗതിയിൽ ചെയ്തു തീർക്കുവാൻ.....



ചെയ്സ് ജോസഫ്

കൃപയും പാപവും തമ്മിൽ എന്താണ് ബന്ധം?

(റോമർ 5 :19, 6:11)

റോമാ ലേഖനത്തിൽ പൗലോസ് ഇതുവരെ പറയാൻ ശ്രമിച്ചത്, പ്രവൃത്തികളാൽ അല്ലാതെ ഒരാൾ എങ്ങനെ ആണ് വിശ്വാസത്താൽ ദൈവകൃപയാൽ മാത്രം രക്ഷിക്കപ്പെടുന്നത് എന്നാണ്. എന്നാൽ പ്രവൃത്തികളെ കണക്കിടാത്ത ഒരു രക്ഷ നമ്മുടെ സ്വാഭാവികമായ സന്മാർഗ്ഗ ബോധത്തിന് എതിരാണ്. അതുകൊണ്ടു തന്നെ നമുക്ക് സ്വീകരിക്കാൻ പ്രയാസമുള്ളതും ആണ്. രണ്ടു വിരുദ്ധ ചേരികളിൽ 'വിശ്വാസി'കളെ എത്തിച്ച ചില വാക്യങ്ങൾ ആണ് നാം ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. പൗലോസ് എന്താണ് ശരിക്കും നമ്മോടു സംസാരിക്കാൻ ആഗ്രഹിക്കുന്നത്?

യേശുക്രിസ്തു എന്ന ഏകന്റെ അനുസരണത്താൽ നാം എല്ലാവരും നീതിമാന്മാർ ആയി എന്ന് പത്തൊൻപതാം വാക്യം പറയുന്നു. അങ്ങനെ യേശുക്രിസ്തുവിന്റെ അനുസരണം നമ്മെ നീതിമാന്മാർ ആക്കി.

എങ്കിൽ പിന്നെ നാം എന്തിനാണ് അനുസരിക്കുന്നത്? ഇതാണ് വ്യാജകൃപയുടെ ഉപദേശം പറഞ്ഞവർ നമ്മോടു ചോദിച്ചത്. ഇത് തികച്ചും ന്യായമായ ഒരു ചോദ്യം ആണല്ലോ എന്ന് നമുക്ക് തോന്നിയേക്കാം. പക്ഷെ ഇങ്ങനെയുള്ള വ്യാഖ്യാനങ്ങൾ ഉണ്ടാകുന്നത് വചനം അതിന്റെ പശ്ചാത്തലത്തിൽ വ്യാഖ്യാനിക്കാത്തതുകൊണ്ടാണ്. യേശുക്രിസ്തുവിന്റെ അനുസരണവും നമ്മുടെ നീതിയും തമ്മിൽ എന്താണ് ബന്ധം. ഈ ചോദ്യങ്ങളുടെ ഉത്തരം ആണ് ഈ വാക്യങ്ങളിലൂടെ പൗലൊസ് നൽകുന്നത്.

ആദ്യമായി, എങ്ങനെയാണ് നമ്മുടെ പാപം പെരുകിയത് എന്നു നോക്കാം. അത് നാം സാധാരണ വിചാരിക്കാൻ സാധ്യത ഉള്ളതുപോലെ പ്രവൃത്തികൾ ചെയ്തു പ്രത്യേകിച്ച് വർധിപ്പിച്ചതല്ല, പിന്നെയോ ന്യായപ്രമാണം ചേർന്നു വന്നപ്പോൾ സംഭവിച്ചതാണ്. ന്യായപ്രമാണം ആണ് കൃപ വർധിപ്പിക്കേണ്ടതിനു പാപത്തെ പെരുക്കി കാണിച്ചിരിക്കുന്നത്. **ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യം തന്നെ അതാണ്. ലംഘനങ്ങളെ അളന്നു പാപത്തെ വെളിപ്പെടുത്തുക. ന്യായപ്രമാണം അങ്ങനെ ആണ് നമ്മെ കൃപയിൽ ആശ്രയിക്കാൻ സഹായിക്കുന്നത്. അതുകൊണ്ടാണ് നാം റോമർ 3:20 -ൽ ന്യായപ്രമാണം പാപത്തിന്റെ പരിജ്ഞാനം വരുത്തുന്നു എന്ന് പറയുന്നത്.** ഇങ്ങനെ പാപത്തിന്റെ പരിജ്ഞാനം വരുത്തുന്നതു കൊണ്ടാണ് യേശുക്രിസ്തുവിലൂടെ ഉള്ള സ്വാതന്ത്ര്യത്തിന്റെ പ്രമാണത്തിലേക്ക് നമ്മെ എത്തിക്കുന്ന ശിശുപാലകനായി മാറാൻ നിയമപ്രമാണങ്ങൾക്ക് കഴിയുന്നത്.

ന്യായപ്രമാണം നമ്മുടെ നിസ്സഹായത വെളിപ്പെടുത്തി രക്ഷകന്റെ അടുത്തേക്ക് നമ്മെ എത്തിക്കുന്നു. പുറമെ നിന്ന് നോക്കുമ്പോൾ ന്യായപ്രമാണം പാപങ്ങളെ തടയുകയും നമ്മെ ഒരു വിധം മര്യാദക്കാരായി സൂക്ഷിക്കുകയും ചെയ്യുന്നതാണ് നാം കാണുന്നത്. എന്നാൽ ആന്തരികമായി നോക്കുമ്പോൾ, നമ്മെ നിസ്സഹായരാക്കി, പാപത്തെപെരുക്കി, വിശ്വാസത്തിലേക്ക് നമ്മെ എത്തിക്കുകയാണ് ചെയ്യുന്നത് എന്ന് കാണാൻ കഴിയും.

1. കൃപ വാഴുന്നത് ആത്മാവിന്റെ, ജീവന്റെ പ്രമാണത്തിലാണ്. ഇനി അഞ്ചാം അധ്യായത്തിന്റെ അവ

സാനത്തെ മൂന്നു വാക്യങ്ങൾ ഒന്നു വായിച്ചു നോക്കൂ....

19 : ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും.

20 : എന്നാൽ ലംഘനം പെരുകേണ്ടതിനു ന്യായപ്രമാണവും ഇടയിൽ ചേർന്നു വന്നു; എങ്കിലും പാപം പെരുകിയേടത്തു കൃപ അത്യന്തം വർദ്ധിച്ചു.

21 : പാപം മരണത്താൽ വാണതുപോലെ കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവനായി വാഴേണ്ടതിനു തന്നെ. അതുകൊണ്ട് ന്യായപ്രമാണത്താൽ മരണവും പാപവും നമ്മുടെ മനഃസാക്ഷിയിൽ നമ്മിൽ വാഴുമ്പോൾ ദൈവകൃപ പാപത്തിന്റെ വാഴ്ചയെ, എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുന്നു. കൃപ വാഴുന്നത് ആത്മാവിന്റെ, ജീവന്റെ പ്രമാണത്തിലാണ്. അതുകൊണ്ട് ഇനി നാം പാപത്തിനു അടിമ അല്ല.

പക്ഷെ അത് അത്ര നിസ്സാരമാണോ? അങ്ങനെ ഒഴിഞ്ഞു പോകുന്ന ഒന്നാണോ, ന്യായപ്രമാണം? ഇതാണ് ന്യായപ്രമാണത്തിന്റെ അനുസരണത്താൽ വരുന്ന നീതി വിശ്വസിക്കുന്നവർ ചോദിക്കുന്നത്. പാപം പെരുകിയേടത്തു കൃപ പെരുകി എന്ന് പറഞ്ഞാൽ പാപം ചെയ്യുന്നതിന് അത് ഒരു പ്രേരണ ആവില്ലേ? കൂടുതൽ കൃപയ്ക്കായി കൂടുതൽ പാപം ചെയ്യാൻ ആളുകൾ തുടങ്ങുകയില്ലേ?

നോക്കുക, രണ്ടു വിരുദ്ധ ചേരികളിൽ പഠിപ്പിക്കലുകൾ എങ്ങനെയാണ് ഈ വചനത്തെ ഒരേ രീതിയിൽ തന്നെ വ്യാഖ്യാനിക്കുന്നത് എന്ന്.

പാപം ചെയ്തിടത്തല്ല, പാപം പെരുകിയിടത്താണ് കൃപ പെരുകിയത്. പാപം പെരുകിയത് പ്രവർത്തിയാൽ അല്ല, ന്യായപ്രമാണത്തിന്റെ ആന്തരികമായ ഡിമാൻഡ് അല്ലെങ്കിൽ വ്യവസ്ഥകളാൽ ആണ്. ന്യായപ്രമാണത്തിന്റെ വിശുദ്ധിയുടെ ഡിമാൻഡ്, നമ്മെ എല്ലാം പാപികൾ എന്ന് വിധിക്കുന്നു. കൃപ എന്നത് ഓരോരുത്തരും ചെയ്യുന്ന പാപങ്ങളുടെ നീതീകരണം അല്ല, പിന്നെയോ പാപത്തിന്റെ അടിമത്തത്തിൽ കിടക്കുന്ന നിസ്സഹായനായ മനുഷ്യന്റെ രക്ഷയാണ്.

അത് എങ്ങനെ ആണ് കർത്താവ് സാധിക്കുന്നത്? അവിശ്വസനീയവും, ഒരു മനുഷ്യന്റേയും ഹൃദയത്തിൽ തോന്നാത്തതുമായ ഒരു സങ്കേതം ആണ് ദൈവം അതിനായി ഉപയോഗിക്കുന്നത്. നമ്മെ പാപത്തിന്റെ അടിമത്തത്തിൽ നിലനിർത്തുന്ന, പഴയ മനുഷ്യനെ, ക്രൂശിൽ മരണത്തിനു ഏൽപ്പിച്ചുകൊണ്ടാണ് നമ്മെ പാപത്തിന്റെ പിടിയിൽ നിന്നും കർത്താവ് രക്ഷിക്കുന്നത്. ആ മനുഷ്യനെ നിയന്ത്രിക്കാൻ കർത്താവ് ഏൽപ്പിച്ചിരുന്ന ശിശുപാലകന്റെ കാലം അതോടെ കഴിഞ്ഞു. അപ്പോൾ ശിശുപാലകൻ മാറിയാൽ പിന്നെ പാപം വീണ്ടും വരില്ലേ? ഇല്ല! കാരണം ശിശുപാലകൻ നമ്മെ ഏൽപ്പിച്ചത് ക്രിസ്തുവിന്റെ കൈകളിൽ ആണ്. അതുകൊണ്ട് നാം പാപം ചെയ്തു വീഴുന്ന സ്ഥലം അല്ല കൃപ, പാപത്തിൽ നിന്നുള്ള രക്ഷയും നീതീകരണവും ആണ് ദൈവ കൃപ.


ന്യായപ്രമാണത്താലുള്ള നീതിയെ നാം വിട്ടുകളയുമ്പോൾ പാപത്തിന്റെ ന്യായീകരണം ഉണ്ടാവും എന്ന് പൗലോസ് അറിഞ്ഞിരുന്നു. അതേ സംശയം പൗലോസ് എടുത്തു പറയുകയും അതിനു മറുപടി കൊടുക്കുകയും ചെയ്തിരിക്കുന്നു.

ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിനു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത്.

2. പാപത്തിനു മരിച്ചവരായ നാം ഇനി പാപത്തിൽ ജീവിക്കുന്നതു എങ്ങനെ?

നാം ഇനി പാപം ചെയ്യാതിരിക്കുന്നത്, നിയമം അങ്ങനെ നിർബന്ധിക്കുന്നതുകൊണ്ടല്ല, പാപ സംബന്ധമായി നാം മരിച്ചതുകൊണ്ടാണ്. മരിച്ച ആൾക്ക് പിന്നെ പാപത്തിൽ ജീവിക്കാൻ കഴിയില്ലല്ലോ. ക്രിസ്തുവിന്റെ മരണത്തിൽ പങ്കാളികൾ ആയിത്തീർന്നതിനാൽ ആണ് നമ്മുടെ മരണശിക്ഷയിൽ നിന്ന് നമുക്ക് വിടുതൽ കിട്ടിയത്.

അപ്പോൾ പലരും ചോദിക്കുന്ന ഒരുചോദ്യം ഉണ്ട്. അങ്ങനെ ആയാൽ നാം മരിച്ചല്ലോ. പിന്നെ എന്താണ് ഇപ്പോഴും പാപങ്ങൾ വരുന്നത്? ഇവിടെയാണ് കാഴ്ചയാലുള്ള ജീവിതവും വിശ്വാസത്താലുള്ള ജീവിതവും തമ്മിലുള്ള വ്യത്യാസം. കാഴ്ചയിൽ നമ്മിൽ പഴയ ജഡത്തിന്റെ പ്രവൃത്തികൾ കാണാൻ കഴിയും. ഇടയ്ക്കിടെ അത് നമ്മെ വിഷമിപ്പിക്കാറുണ്ട്. എന്നാൽ വിശ്വാസത്താൽ ജീവിക്കുമ്പോൾ, നാം ക്രിസ്തുവിന്റെ ജീവനിൽ ആണ് ജീവിക്കുന്നത്. അതായത് ക്രിസ്തു എന്നിൽ ജീവിക്കുന്നതിനാൽ ക്രിസ്തുവിന്റെ മനോഭാവം തന്നെ ആയിരിക്കും എന്റേതും; ക്രിസ്തുവിന്റെ അതേ ചിന്തയും പ്രതികരണവും തന്നെ ആയിരിക്കും എന്റേതും. അങ്ങനെ വിശ്വാസത്താലുള്ള നീതി എന്ന വലിയ കൃപ യേശുക്രിസ്തുവിന്റെ നീതിയിൽ നമ്മെ പങ്കാളികൾ ആക്കുന്നു. •





ഡോ. സുജിത്ത് സൈമൺ

മരണഭയത്തെ എങ്ങനെ നേരിടാം

നീ പൊടിയാകുന്നു, പൊടിയിൽ തിരികെ ചേരും (ഉല്പത്തി 3: 19).

മരണത്തിന്റെ ഘട്ടങ്ങൾ, മനഃശാസ്ത്ര വീക്ഷണത്തിൽ

ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന സിഗ്മണ്ട് ഫ്രോയ്ഡ് (Sigmund Freud) – ന്റെ അഭിപ്രായത്തിൽ 'മരണം ജീവിത സാഫല്യമാണ്'. ഗ്രീക്ക് ചിന്തകനായ സോക്രട്ടീസ് മരണത്തെ പുഞ്ചിരിയോടെ സ്വീകരിച്ചയാളാണ്. "മനുഷ്യന്റെ അനുഗ്രഹങ്ങളിൽ ഏറ്റവും മഹത്തരം മരണമാണ് എന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. മരണാനന്തര അവസ്ഥകളെപ്പറ്റിയുള്ള ഒരുവന്റെ അജ്ഞതയാണ് മരണ ഭീതിയുടെ അടിസ്ഥാന കാരണം. അജ്ഞാതമായതിനോട് മനുഷ്യൻ സ്വാഭാവികമായി ഭീതി പുലർത്തുന്നു. മനുഷ്യന്റെ മാത്രം സവിഷേതയാണ് മരണ ഭയം. അതു സ്വയാർജ്ജിതമാണ്. മൃഗങ്ങൾക്ക് സ്വയാവബോധമില്ല. മരണത്തെപ്പറ്റിയുള്ള ബോധവുമില്ല. മറ്റുള്ളവർ മരിക്കുന്നതിനും അതിനോടുള്ള മറ്റുള്ളവരുടെ പ്രതികരണങ്ങളും നേരിൽ കാണുന്ന ഒരു കുട്ടിയിൽ ആദ്യമായി മരണ ഭയം ജനിക്കുന്നു. അവൻ ക്രമേണ അതിന് അടിമയാവുന്നു. ജന്മനായുള്ള ഒരു ജൈവ സ്വഭാവമല്ല ഈ മൃത്യ ഭയം. അതു കൊണ്ടുതന്നെ ഇതു പരിഹരിക്കുവാൻ കഴിയുന്നതുമാണ്.

പ്രശസ്ത മനഃശാസ്ത്രജ്ഞ എലിസബത്ത് കുബ്ളർ റോസ് (Elizebath Kubler Ross) മരണത്തെപ്പറ്റി പ്രത്യേക പഠനങ്ങൾ നടത്തിയിട്ടുണ്ട്. അവർ മരണത്തെ നേരിടുന്ന വ്യത്യസ്ത പ്രായത്തിലുള്ള 200 വ്യക്തികളുമായി നേരിട്ട് സംസാരിക്കുകയും അവരുടെ മരണ പ്രക്രിയ കണ്ടു മനസ്സിലാക്കുകയും ചെയ്തു. മരിക്കുന്നവർ പ്രധാനമായി താഴെപ്പറയുന്ന അഞ്ചു വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നുപോകുന്നതായി ഈ പഠനത്തിൽ കണ്ടെത്തി.

1) നിഷേധം (Denial)

മരണം തന്നെ സമീപിച്ചിരിക്കുന്നു എന്ന സത്യം അംഗീകരിക്കുവാൻ വിസമ്മതിക്കുന്നു. തന്റെ രോഗനിർണ്ണയത്തിൽ ഡോക്ടർക്ക് എന്തെങ്കിലും പിഴവ് സംഭവിച്ചിരിക്കണം എന്ന് വിശ്വസിക്കാൻ ശ്രമിക്കുന്നു. അതുകൊണ്ട് കൂടുതൽ വിദഗ്ധ പരിശോധനയും അഭിപ്രായങ്ങളും തേടണമെന്ന് ശഠിക്കുന്നു. രോഗത്തെ കീഴടക്കാൻ പല ചികിത്സാ രീതികളും മാറി മാറി പരീക്ഷിക്കുവാൻ തയ്യാറാവുന്നു.

2) ക്ഷോഭം (Anger)

വിവിധ ചികിത്സാ രീതികൾ പരാജയപ്പെടുകയും രോഗം മൂർച്ഛിക്കുകയും ചെയ്യുമ്പോൾ യാഥാർത്ഥ്യം അംഗീകരിക്കാൻ തയ്യാറാവുന്നു. സുഖമായി ജീവിച്ചിരിക്കുന്നവരോട് അസൂയയും വിദ്വേഷവും തോന്നുന്നു. എനിക്കു മാത്രം ഈ ഗതി വന്നതെന്താണ്? എന്ന് ക്ഷോഭത്തോടെയും ദു:ഖത്തോടെയും സ്വയം ചോദിക്കുന്നു. ക്ഷോഭം ചികിത്സിക്കുന്ന ഡോക്ടറോടോ ബന്ധുക്കളോടോ ആകാം. ക്ഷമയും യാഥാർത്ഥ്യബോധവും വീണ്ടെടുക്കുകയാണ് ഈ ഘട്ടത്തിൽ പ്രധാനമായും വേണ്ടത്. അതിന് അവരെ സഹായിക്കാനായി കൗൺസലിംഗ്, പ്രാർഥന മുതലായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കാവുന്നതാണ്. ഉറ്റവരുടെയും ബന്ധുക്കളുടെയും സ്നേഹപൂർണ്ണമായ പരിചരണവും

സാമീപ്യവും മരണാസന്നന് ആശ്വാസമാകുകയും ചെയ്യുന്നു.

3) വിലപേശൽ (Bargaining)

ഈ ഘട്ടത്തിൽ, മരണം, അനിവാര്യമായിരിക്കുന്നു എന്ന സത്യം വേദനയോടെ അംഗീകരിക്കുന്നു. എങ്കിലും അത് എത്രയും ദീർഘിപ്പിക്കാനുള്ള മോഹം പ്രകടിപ്പിക്കുന്നു. അതിന് ഡോക്ടറോട് മൗനമായി വിലപേശുന്നു. ചെയ്ത തെറ്റുകൾക്ക് ദൈവത്തോടു ക്ഷമ ചോദിക്കുകയും പ്രായശ്ചിത്തം ചെയ്യുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

4)നിരാശ (Depression)

വൈദ്യശാസ്ത്രത്തിനോ, മരുന്നുകൊണ്ടോ വലിയ പ്രയോജനമില്ല എന്ന യാഥാർത്ഥ്യം നിരാശയോടെ മനസ്സിലാക്കുന്നു. താൻ അതിവേഗം മരണത്തോടടുത്തുകൊണ്ടിരിക്കുന്നു എന്ന സത്യം മനസ്സിനെ തളർത്തുന്നു. ഒരിക്കലും തിരുത്തപ്പെടുവാൻ കഴിയാത്ത തന്റെ തെറ്റുകളും പരാജയങ്ങളും വീഴ്ചകളും ഓർത്തോർത്തു വിലപിക്കുന്നു. അഗാധമായ നിരാശയിൽ നിപതിക്കുന്നു. ഈ ഘട്ടത്തിലാണ് ദൈവവിശ്വാസവും സ്വർഗ്ഗ പ്രതീക്ഷയുമൊക്കെ മനുഷ്യന് ആശ്വാസത്തിന്റെ കുളിർക്കാറ്റേകുന്നത്.

5) അംഗീകാരം (Acceptance)

അവസാനം യാതൊരു ഗത്യന്തരവുമില്ലാതെ വ്യക്തി വിധിക്കു കീഴടങ്ങാൻ തയ്യാറാകുന്നു. ആസന്നവും അനിവാര്യവുമായ അന്ത്യത്തെ അംഗീകരിക്കാൻ തയ്യാറാവുന്നു. മരണത്തിനായി കാത്തിരിക്കുന്നു. അതല്ലാതെ മറ്റൊരു പോംവഴിയുമില്ല എന്ന നഗ്നസത്യം ഉൾക്കൊള്ളുവാൻ തയ്യാറാവുന്നു.

തിരുവചനാടിസ്ഥാനത്തിൽ മരണത്തെ എങ്ങനെ ജയിക്കാം

വിശുദ്ധ തിരുവെഴുത്തിൽ 'മരണം' എന്ന പദം ആദ്യം ഉച്ചരിച്ചത് ദൈവം ആകുന്നു. 'തിന്നുന്ന നാളിൽ നീ മരിക്കും' (ഉല്പത്തി 2 : 17). മരിക്കും എന്നു പറഞ്ഞ ദൈവത്തിന് 'ജീവിക്കും' എന്നു പറയുവാനുള്ള അധികാരവും ഉണ്ട്. "എന്നിൽ (യേശുകർത്താവിൽ) വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും" (യോഹന്നാൻ 11 : 26) എന്നാണ് യേശു പറഞ്ഞത്. ദൈവം തന്റെ സ്വന്ത കയ്യാൽ കളിമണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കിയ മനുഷ്യൻ, ഒരിക്കൽ പൊടിയിലേക്ക് തിരികെ മടങ്ങിച്ചേരുമെന്നും, അനന്തരം ദൈവം അവനെ വീണ്ടും പൊടിയിൽ നിന്നും തിരികെ വിളിച്ചുവരുത്തുമെന്നതും തിരുവെഴുത്തിലെ അനിഷേധ്യമായ സത്യമാകുന്നു (ഇയ്യോബ് 10 : 19). അമർത്യത ദൈവം മനുഷ്യനു മാത്രം വെച്ചിരിക്കുന്ന ഒരു അനുഗ്രഹമാകുന്നു. മനുഷ്യ ജീവിതത്തിൽ എഴുതിച്ചേർത്തിരിക്കുന്ന രണ്ടു ഘടകങ്ങളാണ് ജീവനും മരണവും. അതിനാൽ ജനനം പോലെ തന്നെ മരണവും ജീവിതത്തിന്റെ ഒരു ഭാഗമാണ്.

മരിച്ചവരെക്കുറിച്ച് പൗലോസ് 'നിദ്രകൊണ്ടവർ' എന്ന പദത്താൽ വിശേഷിപ്പിക്കുന്നു. കർത്താവും മരണത്തെ 'നിദ്ര' എന്നാണ് വിളിച്ചിരിക്കുന്നത് (യോഹന്നാൻ 11:11). മരണാനന്തരം നമ്മുടെ പ്രത്യാശയായ ക്രിസ്തു ഉയിർത്തെഴുന്നേറ്റതിനാൽ മരണം ഇനിമേൽ നമുക്ക് ഒരു പേടി സ്വപ്നമല്ല. പൗലോസ് ധൈര്യമായി മരണത്തെ വെല്ലുവിളിക്കുന്നതായി നാം വായിക്കുന്നു. ഇത് തന്റെ വെല്ലുവിളി മാത്രമല്ല ക്രിസതുവിൽ ആശവെച്ച സകല വിശുദ്ധന്മാരുടെയും വിശ്വാസത്തിന്റെ ഉറച്ച പ്രഖ്യാപനമാണ്. സ്തേഫാനോസ് രക്തസാക്ഷി മരണം വരിക്കുന്നതിനു മുമ്പ് പരിശുദ്ധാത്മാവ് നിറഞ്ഞവനായി സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കി. ദൈവ മഹത്വവും ദൈവത്തിന്റെ വലത്തുഭാഗത്തു യേശു നിൽക്കുന്നതും കണ്ടു. ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തു ഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു, എന്ന് ഉത്തരം പറഞ്ഞു (അപ്പൊസ്തല പ്രവൃത്തികൾ 7 : 56). മരണത്തോടുള്ള ബന്ധത്തിൽ ഭക്തന്മാരുടെ ഹൃദയം സന്തോഷിക്കയത്രേ ചെയ്യുന്നത്.

നിത്യതയുമായി നമ്മുടെ ലോകജീവിതം തുലനം ചെയ്യുമ്പോൾ ജീവിതം ഹ്രസ്വമായ ഒന്നായിരിക്കും. ദൈവം ഭൂമിയിൽ നിന്ന് നമ്മെ തിരികെ വിളിക്കുമ്പോൾ ഇവിടുത്തെ നമ്മുടെ വാസം തീരുകയും നാം മറ്റൊരു മണ്ഡലത്തിലേക്ക് വേഗം പറന്നു പോകുകയും ചെയ്യുന്നു. ഇതിനെ "വിട്ടു പിരിഞ്ഞ് ക്രിസ്തുവിനോടു കൂടെ ഇരിക്കുന്ന" അനുഭവമായിട്ടാണ് പൗലോസ് നിർവ്വചിച്ചിരിക്കുന്നത് (ഫിലിപ്പിയർ 1:23). അതിനാൽ പൗലോസ് പറയുന്നത് "എനിക്ക് ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു" എന്നത്രെ. എന്തുകൊണ്ടാണ് കർത്താവിൽ മരിക്കുന്നത് ലാഭമായിത്തീരുന്നത്? കർത്താവിന്റെ വരവിങ്കൽ സംഭവിക്കുവാൻ പോകുന്ന പുനരുത്ഥാനത്തിങ്കൽ, ഒന്നാം നിരയിൽ അഥവാ ഒന്നാം പുനരുത്ഥാനത്തിങ്കൽ എടുക്കപ്പെടുവാനുള്ള ഭാഗ്യം കർത്താവിൽ മരിക്കുന്നവർക്കത്രെ. 'ആദ്യഫലം ക്രിസ്തു, പിന്നെ

ശേഷം പേജ് 26 ▶





എൽസി ജോയ്

സ്ത്രീ – ഭാര്യ എന്ന നിലയിൽ

ഒരു യുവതി വിവാഹിതയാകുമ്പോൾ കുടുംബ ജീവിതത്തിന്റെ ഉത്തരവാദിത്വത്തിൽ പങ്കാളി യായിത്തീരുകയാണ്. ഏകനായ ആദാമിനെ നോക്കി അവനൊരു തുണയുടെ ആവശ്യമാണ് ദൈവം ഊന്നിപ്പറയുന്നത്. കുടുംബം എന്നത് ദൈവത്തിനു പെട്ടെന്ന് തോന്നിയ ആശയമല്ല. അത് ദൈവത്തിന് പ്രാരംഭത്തിൽ തന്നെ ഉണ്ടായിരുന്ന പ്ലാൻ ആയിരുന്നു. ആദാമിന് ഒരു തുണയുടെ ആവശ്യം ബോധ്യപ്പെട്ടിട്ട്, അവന് ഹവ്വായെ നൽകാ നായിരുന്നു ദൈവത്തിന്റെ പദ്ധതി.

തുണ അഥവാ 'helpmate' എന്നത് സഹായി യായ ഒരു പങ്കാളി അഥവാ കൂട്ടുകാരി എന്നാണ് മനസ്സിലാക്കേണ്ടത്. ഭാര്യാഭർതൃ ബന്ധം യജമാ നനും അടിമയും എന്ന തരത്തിലല്ല, മറിച്ച്, തുല്യ പങ്കാളികളും കൂട്ടുകാരും എന്ന തരത്തിലാണ് വച നാനുസാരത്തിൽ മനസ്സിലാക്കേണ്ടത്.

ഭാര്യ ഭർത്താവിന്റെ കൂട്ടുകാരിയാണ്. ഭർത്താവ് ഭാര്യയുടെ കൂട്ടുകാരനുമാണ്. Communication അഥവാ പരസ്പര ആശയ വിനിമയം കുടുംബ ജീവിതത്തിന്റെ വിജയത്തിന്റെ മുഖ്യസൂത്രമാണ്. കൂട്ടുകാരെപ്പോലെ പരസ്പരം ഹൃദയം തുറന്ന് സംസാരിച്ചും, കളിച്ചും ചിരിച്ചും, ഒരുമിച്ച് പ്രാർഥി ച്ചും, പാടി ദൈവത്തെ ആരാധിച്ചും, പ്ലാൻ ചെ യ്തും, പരസ്പരം ജോലിയിൽ സഹായിച്ചും ഒക്കെ നയിക്കേണ്ടതാണ് കുടുംബ ജീവിതം. കുടുംബ ജീവിതം ഭാരമുള്ള ചുമടാകുന്നത് മേൽപ്പറഞ്ഞ സംഗതികൾ മറന്നു പോകുന്നതുകൊണ്ടാണ്.

അല്ല, ചോദിക്കട്ടെ; നിങ്ങളുടെ കുടുംബ ജീവിതം സമാധാനവും സന്തോഷവും ഉള്ള താണോ? അതോ adjust ചെയ്തു പോകുക യാണോ? ഒരു തണുത്ത ബന്ധമാണോ നിങ്ങൾക്കു ള്ളത്? അതിനെ മാറ്റി എടുക്കാൻ പറ്റില്ല എന്ന് തോന്നുന്നുണ്ടോ? മാറ്റി എടുക്കാൻ രണ്ടു പേർക്കും ഒരുപോലെ ആഗ്രഹം ഉണ്ടാകണം എന്നത് വാസ്തവമാണ്. എങ്കിലും ഒരാൾ എങ്കിലും ആഗ്രഹിച്ച്, സ്വയം വിനയപ്പെട്ട് ദൈവ സന്നിധിയിൽ പ്രാർഥിച്ചാൽ മറുപടികിട്ടാതെ വരി ല്ല. നിങ്ങളുടെ കുടുംബം മനോഹരം ആയിരിക്കണ മെന്ന്, കുടുംബത്തെക്കുറിച്ച് രൂപകല്പന ചെയ്ത ദൈവത്തിന് വളരെ ആഗ്രഹം ഉണ്ട്. നാം ദൈവ ത്തോട് സഹകരിച്ചാൽ നമുക്ക് പരസ്പരം സഹ കരിക്കുവാൻ ദൈവം പ്രാപ്തി തരും.

തിരക്കിട്ട ജീവിതത്തിന്റെ ബദ്ധപ്പാടുകൾക്കിട യിൽ നിങ്ങളുടെ ജീവിതം അടിഞ്ഞമർന്ന് പോക രുത്. ഈ ആയുസ് വളരെ വിലപ്പെട്ടതാണ്. ദൈവം ഏല്പിച്ച ഒരുപാട് കാര്യങ്ങൾ ചെയ്തു തീർക്കേണ്ട ജീവിതമാണ്. അതുകൊണ്ട് ദൈവ ത്തിന്റെ സഹായം തേടുവാൻ ദൈവസന്നിധിയിൽ വിനയപ്പെടുന്നതു തന്നെയാണ് ഏറ്റവും അത്യാവ ശ്യ കാര്യം. "യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വ്യർഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വ്യർഥാ ജാഗരിക്കുന്നു" (സങ്കീർത്തനം 127 : 1). യഹോവ വീട് പണിതേ പറ്റൂ! ദൈവത്തോട് ചേർന്നു നിന്ന് പണിയുകയാണ് നമുക്കാവശ്യം. ദൈവത്തെ ഉപേ ക്ഷിക്കുന്നതും മറന്ന് കളയുന്നതുമാണ് ജീവിത ത്തിലെ ഏറ്റവും വലിയ പരാജയം.

ഭാര്യയുടെ വിജയം ഭർത്താവിന് കീഴ്പ്പെടുന്ന തിലാണ്. ഭർത്താവിനെ ദൈവം തലയാക്കിയിരി ക്കുന്നു. എല്ലാറ്റിനും ഒരു ചന്തവും ക്രമവും ഒക്കെ വേണമല്ലോ. ഒരാൾ ഉത്തരവാദിത്വത്തോടെ മുമ്പിൽ നില്ക്കുമ്പോൾ മറ്റുള്ളവർ പിമ്പിൽ നിന്ന് ഒരുമിച്ച് അദ്ധ്വാനിക്കുന്നതിനാലല്ലേ ഏതൊരു ദൗത്യവും വിജയിക്കുന്നത്. കുടുംബ ജീവിതം

രണ്ടാൾ - അതായത്, ഭാര്യയും ഭർത്താവും ഒരുമിച്ച് തുടങ്ങുന്നതാണ്. ഒരാൾ നേതൃ സ്ഥാനത്ത് വേണം. ദൈവം ഭർത്താവിനെ ആ ചുമതല ഏല്പിച്ചിരിക്കുന്നു. തലയ്ക്ക് ശരീരത്തെ കൂടാതെയും ശരീരത്തിന് തലയെക്കൂടാതെയും ജീവനില്ല എന്നതുപോലെയാണ് കുടുംബ ഭദ്രതയും. ഒരുമിച്ച് സ്നേഹിച്ച്, സഹകരിച്ച് അന്യോന്യമുള്ള കടമകളും കടപ്പാടുകളും നിവർത്തിച്ച് മുന്നോട്ട് പോകുന്നതിനാലാണ് വിജയം കൈവരിക്കുവാൻ കഴിയുന്നത്.

ഭാര്യ ഭർത്താവിന്റെ അടിച്ചമർത്തലിന്റെ മുമ്പിലോ പിടിവാശിയുടെ മുമ്പിലോ അല്ല സ്നേഹത്തിന്റെ മുമ്പിൽ ആണ് കീഴ്പ്പെടുന്നത്. അതുകൊണ്ടാണ് ഭർത്താവിനോട് ഉപദേശിക്കുന്നത്: "ഭർത്താക്കന്മാരേ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പീൻ" (എഫേസ്യർ 5 : 25) എന്നും "അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യമാരെ സ്വന്ത ശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു. ഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു. ആരും തന്റെ ജഡത്തെ ഒരു നാളും പകെച്ചിട്ടില്ലല്ലൊ. ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്" (എഫേസ്യർ 5 : 28, 29). കീഴ്പ്പെടുന്ന ഭാര്യയ്ക്ക് ഭർത്താവിന്റെ സ്നേഹവും കരുതലും സംരക്ഷണവും അനുഭവിക്കുവാൻ കഴിയുന്നു. സ്നേഹിക്കുന്ന ഭർത്താവിന് ഭാര്യയുടെ സ്നേഹവും കരുതലും ലഭിക്കുന്നു. ഇപ്രകാരം സന്തോഷകരമായി ജീവിക്കുന്നതിന്റെ അടിസ്ഥാന പ്രമാണമാണല്ലോ ഭർത്താവ് ഭാര്യയെ സ്നേഹിക്കേണമെന്നും, ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണം എന്നുള്ളതും. "എന്നാൽ നിങ്ങളും അങ്ങനെ തന്നേ ഓരോരുത്തൻ താന്താന്റെ ഭാര്യയെ തന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു" (എഫേസ്യർ 5 : 33).

ഭാര്യ തന്റെ ഭർത്താവിന് തക്ക തുണയായിത്തീരുന്നത് ഭർത്താവിനെ മനസ്സിലാക്കി ഇടപെടുവാനുള്ള സാമർഥ്യത്താലാണ്. ഈ സാമർഥ്യം ദൈവത്തിന്റെ ദാനമാണ്. താഴ്മയോടെ ദൈവത്തിൽ ശരണപ്പെടുകയും ദൈവ വചനം അനുസരിക്കുന്നതിന് സമർപ്പിതയും ആയിരിക്കുമ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് സാമർഥ്യം നൽകിത്തരും. തന്നെ മനസ്സിലാക്കി ഇടപെടുന്ന ഭാര്യയെ ഭർത്താവ് വിശ്വസിക്കയും ആ ബന്ധത്തിന്റെ ഊഷ്മളത എക്കാലവും നിലനിൽക്കുകയും ചെയ്യും. അനേക വർഷങ്ങൾ ഒരുമിച്ച് ജീവിച്ചിട്ടും അന്യോന്യം മനസ്സിലാക്കുവാൻ കഴിയാതെ പരാതിപ്പെട്ടും പരിഭവപ്പെട്ടും കൊണ്ട് വിവാഹ ജീവിതത്തിന്റെ സന്തോഷം അനുഭവിക്കാത്തവരെ നമുക്ക് കാണുവാൻ കഴിയും.

കുടുംബ ജീവിതത്തിൽ ലഭിക്കുന്ന ഉത്തരവാദിത്തങ്ങളെ ഭാരമായി കാണരുത്. എല്ലാം അവസരങ്ങളായി കാണുക. എല്ലാ ഉത്തരവാദിത്വങ്ങളും വിശ്വസ്തതയോടും ആത്മാർത്ഥതയോടും നിർവ്വഹിക്കുക. സകലവും ദൈവ നാമമഹത്വത്തിനാകണം എന്ന അത്മാർത്ഥമായ പ്രാർഥനയും ആഗ്രഹവും ഉണ്ടായിരിക്കട്ടെ.

"അല്ലയോ കുമാരീ, കേൾക്ക, നോക്കുക, ചെവിചായ്ക്ക. സ്വജനത്തേയും നിന്റെ പിതൃഭവനത്തേയും മറക്ക" (സങ്കീർത്തനം 45 : 10) എന്ന ഉപദേശത്തിൽ വളരെ കാര്യമുണ്ട്. വിവാഹം കഴിഞ്ഞാൽ ഭർത്താവിനെ സ്വന്തം എന്ന് കാണുന്നതിന്റെ അനുബന്ധമാണ് ഭർത്താവിന്റെ വീട്ടുകാരെ സ്നേഹിക്കുവാനും അവരോട് ഇണങ്ങി പോകാനുമുള്ള മനസ്സും സമർപ്പണവും. വിവാഹത്തിനു ശേഷം സ്വന്തം വീട്ടുകാരോട് മാത്രം അടുപ്പം സൂക്ഷിക്കയും ഭർത്താവിന്റെ വീട്ടുകാരോട് വേണ്ടത്ര സഹകരണം ഇല്ലാതെയുമുള്ള വ്യക്തികളെ നാം കാണാറുണ്ട്. അതിൽ എന്തോ പന്തികേടുണ്ട്. ഭർത്താവിന്റെ വീട്ടുകാരോടുള്ള സഹകരണം വളർത്തേണ്ടത് ആവശ്യമാണ്. സ്വന്തക്കാരുടെ ഇടയിൽ ഭർത്താവിന്റെ തല ഉയർത്തുന്നതാണ് അത്.

ജീവിതം വെല്ലുവിളികൾ നിറഞ്ഞതാണെന്ന് മറക്കരുത്. കുടുംബ ജീവിതത്തിലും, എത്ര സന്തോഷകരമായ കുടുംബ ബന്ധമാണെങ്കിലും വെല്ലുവിളികൾ ഉണ്ട്. എല്ലാവരും കൂടെയുള്ളപ്പോഴും തനിയെ ആണെന്ന് തോന്നുന്ന സമയങ്ങൾ ഉണ്ടാകാം. കുടുംബ ബന്ധം ഊഷ്മളതയുള്ളതല്ല എങ്കിൽ പ്രശ്നങ്ങൾ കൂടും; തീവ്രതയും. പക്ഷെ എപ്പോഴും ഓർക്കുക, കർത്താവിന്റെ കരം പിടിച്ചാണ് നടക്കുന്നതെങ്കിൽ നിങ്ങൾ ഏകരല്ല. **ഭാരങ്ങൾ അധികം എന്ന് തോന്നുമ്പോൾ കർത്താവിൽ ചാരുക. ഹൃദയം തുറന്ന് എന്നും കർത്താവിനോട് സംസാരിക്കുന്ന സൗഹൃദത്തിന്റെ ആനന്ദം അനുഭവിക്കുന്നവരായിരിക്കുക.**

കർത്താവിന്റെ സാന്നിദ്ധ്യം നിങ്ങളുടെ ആത്മ ധൈര്യവും ബലവും ആയിരിക്കും. കർത്താവിന്റെ സ്നേഹവും കരുതലും അനുഭവിച്ചറിയുവാൻ കർത്താവ് സഹായിക്കുകയും അപ്പോൾ കർത്താവിൽ സന്തോഷിക്കുന്ന ആത്മീക അനുഭവത്തിന് ഉടമയാകുകയും ചെയ്യും. ■

രോഗാതുരമായ സമൂഹം

നമ്മുടെ സമൂഹത്തിൽ കൊലപാതകങ്ങളും ആത്മഹത്യകളും വർദ്ധിച്ചു വരുന്നത് ആശങ്കയുളവാക്കുന്ന കാര്യമാണ്. കട്ടപ്പനയിൽ 65 വയസ്സുകാരിയെ 43 വയസ്സുകാരൻ കുത്തിക്കൊന്നതും, ഭർത്താവ് ഭാര്യയെ വിഷപാമ്പിനെ ക്കൊണ്ട് കൊത്തിച്ചു കൊന്നതും, നമ്മളെ ഞെട്ടിപ്പിച്ച അനേക സംഭവങ്ങളിൽ ചിലതു മാത്രമാണ്. കൂടത്തായി കൊലക്കേസും, പാലത്തായി പീഢനവും ഇന്നും സമൂഹ മാദ്ധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന വിഷയങ്ങളാണ്. ഒരിടത്തു അപ്പനെയും മറ്റൊരിടത്തു അമ്മയെയും വേറൊരിടത്തു അപ്പൻ മകനെയും ഒക്കെ കൊല്ലുന്ന വാർത്തകളാണ് പത്രങ്ങളിൽ നാം കാണുന്നത്. മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമപ്പെട്ടു സുബോധം നഷ്ടപെടുന്ന ഒരു കൂട്ടരേയും കുടുംബത്തിനും സമൂഹത്തിനും പോലീസിനും തലവേദനയായി സ്വയം നശിക്കുന്ന യൗവനലോകത്തെയും കൊണ്ട് വർത്തമാനപത്രങ്ങൾ നിറഞ്ഞിരിക്കുകയാണ്. രാഷ്ട്രീയ രംഗത്തും ഉദ്യോഗസ്ഥ തലങ്ങളിലും ഭരണതലങ്ങളിലും ഏറെക്കുറെ എല്ലായിടങ്ങളിലും ജീർണിച്ചു മലീമസമായിരിക്കുന്ന ഒരു കാലയളവിലാണ് നാം ഇപ്പോൾ ആയിരിക്കുന്നത്. ധാർമികമായി വളരെ അധഃപതിച്ച ഒന്നാണ് ഇന്നത്തെ സമൂഹം. അധഃപതിച്ച ഇത്തരം ചെയ്തികൾ കണ്ടും കേട്ടും വളരുന്ന ഇന്നത്തെ പുതിയ തലമുറ, കഴിഞ്ഞ തലമുറകൾ കാത്തു സൂക്ഷിച്ചിരുന്ന ധാർമിക നിലവാരം അറിയാത്തവരായി വളരുന്നു. തൽഫലമായി സകല മൂല്യങ്ങളും തകർത്തെറിഞ്ഞുകൊണ്ടു വളരുന്ന നവതലമുറ എന്തും ചെയ്യാൻ മടിക്കാത്തവരായി കാണപ്പെടുന്നത് തികച്ചും ആശങ്കാജനകമാണ്.

അധഃപതിച്ച ഇത്തരം ചെയ്തികൾ കണ്ടും കേട്ടും വളരുന്ന ഇന്നത്തെ പുതിയ തലമുറ, കഴിഞ്ഞ തലമുറകൾ കാത്തു സൂക്ഷിച്ചിരുന്ന ധാർമിക നിലവാരം അറിയാത്തവരായി വളരുന്നു.

മൃഗങ്ങൾ വിശപ്പടക്കുവാൻ വേണ്ടി മാത്രമാണ് മറ്റ് ജീവികളെ കൊല്ലാറുള്ളത്. എന്നാൽ മോഷണത്തിനും പീഡനത്തിനും സുഖഭോഗങ്ങൾക്കും വേണ്ടിയാണ് മനുഷ്യർ അന്യോന്യം കൊല്ലുന്നത്. ദൈവം തന്ന ജീവനാണല്ലോ നമുക്കെല്ലാം ഉള്ളത്. ആ ജീവനെ എടുക്കുവാനോ സ്വയം നശിപ്പിക്കുവാനോ ആർക്കും അധികാരം ഇല്ല. കാരണം മരണദിവസത്തിന്മേൽ അധികാരം ഉള്ള ഒരുവനും ഇല്ല (സഭാപ്രസംഗി:8: 8). എല്ലാവരുടെയും ജീവിതം ദൈവത്തിന്റെ ദാനമാണ്. ജീവിക്കുവാനാണ് ദൈവം ഈ ഭൂമിയിൽ നമുക്കു ജന്മം നൽകിയിരിക്കുന്നത്.

ജീവിക്കുവാനാഗ്രഹിക്കുന്ന എല്ലാവരെയും അതിനനുവദിക്കണം. ജീവിച്ചു കൊതിതീരാതെ എത്രയോ മനുഷ്യരാണ് നിഷ്കരുണം കൊല്ലപ്പെട്ടു കൊണ്ടിരിക്കുന്നത്. പരിഷ്കൃത സമൂഹത്തിനു അപമാനവും ലജ്ജാകരവുമായ ഒരു കാര്യം തന്നെ ആണിത്. തെറ്റായ കുട്ടുകെട്ടുകളും, ലഹരി വസ്തുക്കളുടെ ഉപയോഗവും, സോഷ്യൽ മീഡിയയുടെ സ്വാധീനവും കുടുംബതകർച്ചകളും, പ്രേമനൈരാശ്യങ്ങളും ഒക്കെയാണ് പല കൊലപാതകങ്ങളുടെയും ആത്മഹത്യകളുടെയും പിന്നിലെ കാരണം. ഒരു മനുഷ്യന്റെ ആത്മാവിനു മുഴുലോകത്തേക്കാളും വിലയുണ്ട്. നമ്മുടെ ഉള്ളിൽ ആത്മാവിനെ ആക്കി വച്ചിരിക്കുന്നത് ദൈവം തന്നെയാണ് (സഖര്യാവു 12:1). പൊടി കൊണ്ടുണ്ടാക്കിയ മനുഷ്യൻ തിരികെ പൊടിയിലേക്കു ചേരണം എന്നും ആത്മാവ് അതിന്റെ ഉടമസ്ഥനായ ദൈവത്തിങ്കലേക്കു തിരികെച്ചെല്ലണമെന്നും ആണ് ദൈവീക വ്യവസ്ഥ. മറ്റുള്ളവരെ കൊല്ലുന്നവരും ആത്മഹത്യ ചെയ്യുന്നവരും ദൈവരാജ്യത്തിനു വെളിയിൽ തന്നെയാണ്. ഭീരുക്കൾ, അവിശ്വാസികൾ, അറയ്ക്കപ്പെട്ടവർ, കൊലപാതകന്മാർ, ദുർന്നടുപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കു പറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും

ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ (വെളിപ്പാട് 21 :8).

ഇവിടെയാണ് ക്രൈസ്തവ സഭയുടെ പ്രസക്തി. മൂല്യച്യുതി സംഭവിച്ചിരിക്കുന്ന നമ്മുടെ സമൂഹത്തിൽ ഉയർന്ന ധാർമിക മൂല്യങ്ങളും ഉന്നത നിലവാരമുള്ള വചന സത്യങ്ങളും നൽകി സമൂഹത്തെ ബോധവത്കരിച്ചു പാപമോചനത്തിലേക്കും രക്ഷയിലേക്കും നടത്തുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്. അത് നമ്മുടെ ഓരോരുത്തരുടെയും നിയോഗവുമാണ്. ഇരുട്ടിനെ നിർമ്മാർജനം ചെയ്യുവാൻ വെളിച്ചം തെളിയിക്കുക മാത്രമാണ് ഏക വഴി എന്നതുപോലെ തന്നെ, വഷളത്വത്തിന്റെ അന്ധകാരത്തെ ഇല്ലായ്മ ചെയ്യുവാൻ ലോകത്തിന് വെളിച്ചമായ ക്രിസ്തുവിന്റെ വെളിച്ചം നമ്മിലൂടെ പ്രതിഫലിപ്പിക്കേണ്ടത് അനിവാര്യമാണ്. ക്രിസ്തുവിന്റെ വെളിച്ചം നിങ്ങളിൽ പ്രകാശിക്കട്ടെയെന്നു പൗലോസ് അപ്പോസ്തലൻ ഉത്ബോധിപ്പിക്കുന്നുണ്ട്.

ആത്മാവിന്റെ വിലയെക്കുറിച്ചു ബോധ്യം ലഭിച്ചവരാണ് വിശേഷാൽ വീണ്ടും ജനനത്തിലൂടെ ദൈവമക്കളായി തീർന്നവരായ നമോരോരുത്തരും. മറ്റുള്ളവരെ കൊന്നൊടുക്കുന്നവർക്കും, സ്വയം ജീവനൊടുക്കുന്നവർക്കും കൈമാറുവാൻ ജീവനുള്ള ദൈവവചനം നമ്മുടെ കൈകളിലാണ് ദൈവം ഭരമേൽപ്പിച്ചിരിക്കുന്നത്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെയാണ് ആത്മാക്കൾക്ക് രൂപാന്തരം സംഭവിക്കുന്നത്. ദൈവത്തിലുള്ള നമ്മുടെ ആശ്രയവും, മടുത്തു പോകാതെ വിശ്വാസത്തോടെയുള്ള പ്രാർത്ഥനകളും, സ്നേഹത്തിൽ കുതിർന്ന വാക്കുകളും, ഇടപെടലുകളും മതിയാകും ഇങ്ങനെയുള്ള പലരേയും രക്ഷയിലേക്കു നയിക്കുവാൻ. അങ്ങനെ ആത്മഹത്യാ ചിന്തകളിൽ നിന്നും ആക്രമസ്വഭാവത്തിൽ നിന്നും സമൂഹ ത്തിനും കുടുംബത്തിനും തലവേദനയായിരി ക്കുന്നവരെ നേർവീഥിയിലൂടെ നടത്തുവാൻ നമുക്ക് ഇടയാകണം.


വാളൂരി തന്നെത്താൻ കൊല്ലുവാൻ ശ്രമിച്ച ഫിലിപ്യാ കാരാഗൃഹത്തിന്റെ പ്രമാണിയെ അതിൽ നിന്നും വിടുവിച്ചത് ആത്മനിറവിൽ ജീവിതം നയിച്ച പൗലോസ് അപ്പോസ്തലന്റെ സമയോചിതമായ ഇടപെടലായിരുന്നു. നിനക്കു ഒരു ദോഷവും ചെയ്യരുത്. ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലോ എന്നു പൗലോസ് അപ്പോസ്തലൻ ആത്മനിയോഗത്താൽ പറഞ്ഞ വാക്കുകളായിരുന്നു കാരാഗൃഹ പ്രമാണിയുടെ ജീവിതത്തിൽ ഒരു പുതിയ തുടക്കത്തിനു കാരണ മായി മാറിയത് (അപ്പോസ്തല പ്രവൃത്തികൾ 16:28).

അന്നെന്നപോലെ തന്നെ ഇന്നും തകർന്ന സമൂഹത്തോടു വിളിച്ചു പറയുവാനുള്ള സന്ദേശവും ഇതുതന്നെയാണ്. ഞങ്ങൾ ഇവിടെ ഉണ്ട് നിനക്കു ഒരു ദോഷവും ചെയ്യരുത്. മറ്റുള്ളവർക്കു ദോഷം ചെയ്യുന്നവരെയും, സ്വയം ദോഷം ചെയ്യുന്നവരെയും ദൈവോന്മുഖരാക്കുവാൻ ഓരോ ദേശങ്ങളിലും നമ്മെ ആക്കിവച്ചിരിക്കുന്നു എന്ന ചിന്തയോടെ നാം ദൗത്യ നിർവ്വഹണവുമായി മുന്നേറണം. ■

22 മരണഭയത്തെ എങ്ങനെ നേരിടാം

ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ (1 കൊരിന്ത്യർ 15 : 23). എങ്ങനെയാണ് ഒരു വ്യക്തി ക്രിസ്തുവിൽ ആയിത്തീരുന്നത്. വീണ്ടും ജനനം വഴിയാണ് ഒരു വ്യക്തി ക്രിസ്തുവിൽ ആയിത്തീരുന്നത്. 'ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു' (2 കൊരിന്ത്യർ 5 : 17). പിന്നീട് അവൻ ക്രിസ്തുവിനോടുള്ള ബന്ധത്തിലാണ് ജീവിക്കുന്നതും പ്രവർത്തിക്കുന്നതും. ഒരുവൻ കർത്താവിൽ ജീവിക്കുന്നുവെങ്കിൽ മരിക്കുന്നതും കർത്താവിൽ ആയിരിക്കും.

അതുകൊണ്ട് തിരുവചനത്തിലെ വെളിപ്പെടുത്തപ്പെട്ട ഉപദേശങ്ങളിൽ വിശ്വസിക്കുന്ന വീണ്ടും ജനിച്ച ദൈവമക്കൾക്ക്, മരണത്തെക്കുറിച്ചോ മരണാനന്തര ജീവിതത്തെക്കുറിച്ചോ ചഞ്ചല ചിത്തരാകേണ്ട ആവശ്യം അവശേഷിക്കുന്നില്ല. കാരണം ഇപ്പോൾ സുവിശേഷത്താൽ മരണം നീക്കി ജീവനും അക്ഷയതയും ദൈവം നമുക്ക് വെളിപ്പെടുത്തിയിരിക്കുന്നു (2 തിമൊഥെയൊസ് 1 : 10) . ആകയാൽ ഈ 'മൺകൂടാരത്തിലിരിക്കുന്നിടത്തോളം' ദൈവം നൽകുന്ന അവസരങ്ങളും, താലന്തും, ധനവും, സൗകര്യങ്ങളും ദൈവ നാമ മഹത്വത്തിനായി വിനിയോഗിച്ചുകൊണ്ട് ക്രിസ്തുവിൽ നിത്യവും വസിക്കുന്നതിനാൽ മരണഭയത്തെ അതിജീവിച്ച്, മരണത്തിനപ്പുറം സൗഭാഗ്യജീവിതത്തെക്കുറിച്ചുള്ള നിശ്ചയമുള്ളവരായിരിക്കുവാൻ നമുക്ക് സാധിക്കും. ■



മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

വീര്യപ്രവൃത്തികളുടെ ഉദ്ദേശ്യം

"പിന്നെ അവൻ തന്റെ വീര്യപ്രവൃത്തികൾ മിക്കതും നടന്ന പട്ടണങ്ങൾ മാനസാന്തരപ്പെടായ്കയാൽ അവയെ ശാസിച്ചുതുടങ്ങി; കോരസീനെ, നിനക്കു ഹാ കഷ്ടം; ബേത്ത് സയിദേ, നിനക്കു ഹാ കഷ്ടം; നിങ്ങളിൽ നടന്ന വീര്യപ്രൃത്തികൾ സോരിലും സീദോനിലും നടന്നിരുന്നു എങ്കിൽ അവർ പണ്ടുതന്നേ രട്ടിലും വെണ്ണീറിലും മാനസാന്തരപ്പെടുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിങ്ങളെക്കാൾ സോരിനും സീദോനും സഹിക്കാവതാക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ? നീ പാതാളം വരെ താണുപോകും. നിന്നിൽ നടന്ന വീര്യപ്രവൃത്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അതു ഇന്നുവരെ നിൽക്കുമായിരുന്നു. എന്നാൽ ന്യായവിധി ദിവസത്തിൽ നിന്നെക്കാൾ സോദോമ്യരുടെ നാട്ടിന്നു സഹിക്കാവതാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു" (മത്തായി 11 : 20-24).

യേശു കർത്താവ് പരസ്യ പ്രവർത്തനങ്ങൾ കൂടുതൽ നടത്തിയതും വീര്യപ്രവൃത്തികൾ ഏറെയും ചെയ്തതും ഗലീലനാട്ടിലെ പ്രധാന പട്ടണങ്ങളായിരുന്ന കോരസിൻ, ബേത്ത് സയിദാ, കഫർന്നഹൂം എന്നിവിടങ്ങളിലാണ് . പ്രശ്നങ്ങളിൽ വലഞ്ഞിരുന്ന പുരുഷാരത്തിൽ മനസ്സലിഞ്ഞാണ് കർത്താവ് വീര്യപ്രവൃത്തികൾ ചെയ്തത്. മാറാരോഗികളെ സൗഖ്യമാക്കി, ഭൂതങ്ങളെ പുറത്താക്കി, കുരുടരെയും ചെകിടരെയും സുഖപ്പെടുത്തി. അപ്പം നൽകി പോഷിപ്പിച്ചു.... ഇങ്ങനെ പല വീര്യപ്രവൃത്തികൾ കർത്താവു ചെയ്തു. തന്നിമിത്തം വലിയ പുരുഷാരം എല്ലായിടത്തും കർത്താവിനെ കേൾക്കാനുണ്ടായിരുന്നു.

വീര്യപ്രവൃത്തികൾ കണ്ടവരും അതിന്റെ ഗുണം അനുഭവിച്ചവരുമായ ജനങ്ങൾ യേശുവിനെ ഒരു 'ഹീറൊ'ആക്കാൻ ആഗ്രഹിച്ചു. "അവർ വന്നു തന്നെ പിടിച്ചു രാജാവാക്കുവാൻ ഭാവിക്കുന്നു എന്നു യേശു അറിഞ്ഞിട്ടു പിന്നെയും തനിച്ചു മലയിലേക്കു വാങ്ങിപ്പോയി" എന്നു യോഹന്നാൻ തന്റെ സുവിശേഷത്തിൽ 6 : 15 -ൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇക്കാരണത്താലാണ് കർത്താവ് പലരെയും സൗഖ്യമാക്കിയിട്ട് അത് ആരോടും പറയരുത് എന്നു വിലക്കിയത്.

താൻ വളരെ വീര്യപ്രവൃത്തികൾ ചെയ്ത പട്ടണങ്ങളിൽ നിന്ന് കർത്താവ് എന്താണ് ആഗ്രഹിച്ചത്? അവരുടെ മാനസാന്തരം! ജനങ്ങൾ തിങ്ങിക്കൂടി തന്നെ ഒരു ഹീറോ ആക്കി വാനോളം പുകഴ്ത്തുവാൻ നോക്കുന്നതിലൊന്നും യേശുവിനു യാതൊരു തൃപ്തിയും ഇല്ല. സ്വർഗ്ഗത്തിലെ മുഴുവൻ ദൂതന്മാരാലും ആരാധ്യനായവനാണ് മനുഷ്യവേഷത്തിൽ ദാസരൂപം എടുത്തു അവരുടെ മുന്നിൽ നിൽക്കുന്നതെന്നു അവർക്കു മനസ്സിലാക്കുവാൻ കഴിവില്ലാതെ പോയി. മനുഷ്യൻ നശിക്കരുതെന്നും അവരെ എങ്ങനെയും രക്ഷിക്കണമെന്നും ആത്മാർത്ഥമായും തീവ്രമായും ആഗ്രഹിക്കുന്ന കർത്താവിനോടു സഹകരിക്കുവാൻ അവർ ചെയ്യേണ്ടതു മാനസാന്തരപ്പെടുക എന്നതായിരുന്നു. അവരോടുള്ള ദൈവത്തിന്റെ അളവില്ലാത്ത സ്നേഹത്തെക്കുറിച്ച് അവരുടെ പാപത്തെക്കുറിച്ച് അവർ അനുതപിച്ച്, പാപവഴികൾ വിട്ടു മാനസാന്തരപ്പെട്ട് രക്ഷകനായ ക്രിസ്തുവിൽ വിശ്വസിക്കുവാൻ തയ്യാറാകണമായിരുന്നു.

മാനസാന്തരപ്പെടാതിരിക്കുമ്പോൾ വലിയ ഒരു പ്രതിസന്ധിയാണ് ഉടലെടുക്കുന്നത്. ദൈവത്തിനു ആ വ്യക്തിയെ രക്ഷിക്കുവാൻ പറ്റാത്ത ഒരു അവസ്ഥ സംജാതമാകുന്നു. കാരണം കഠിനമാക്കുന്ന ഹൃദയം കഠിനപ്പെട്ടുകൊണ്ടേയിരിക്കും. ദൈവത്തിൽ നിന്ന് അകന്ന് സ്വന്തം വഴിയിൽ നടക്കുന്നതിനെക്കുറിച്ച് മനസ്സിലാക്കി ഹൃദയം നുറുങ്ങപ്പെടുമ്പോഴാണ് മാനസാന്തരം ഉണ്ടാകുന്നത്. അപ്പോൾ ദൈവത്തിങ്കലേക്കു മടങ്ങി വന്ന് തന്റെ മേലുള്ള ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിച്ച് ദൈവ ഇഷ്ടം ചെയ്യുന്നതിനായി സ്വയം താഴ്ത്തി സമർപ്പിക്കും. ഇപ്രകാരം മാനസാന്തരം

സംഭവിക്കാതെ സ്വാർത്ഥ താല്പര്യങ്ങൾ സാധിച്ചെടുക്കുന്നതിനായി ഒരു ഉപായമായി മാത്രം പ്രർത്ഥനയേയും ദൈവ വിശ്വാസത്തേയും ഒക്കെ കണ്ടാൽ തെറ്റു സംഭവിച്ചിരിക്കയാണ്. കർത്താവ് വീര്യപ്രവൃത്തികൾ ചെയ്ത പട്ടണങ്ങളിൽ എല്ലാം വലിയ ജനക്കൂട്ടം ഉണ്ടായിരുന്നല്ലോ. ജനം വീര്യപ്രവൃത്തികൾ കാണുന്നതിലും സൗഖ്യം പ്രാപിക്കുന്നതിലും ഉത്സുകരായിരുന്നു. എന്നാൽ മാനസാന്തരപ്പെടുന്നില്ല. അതിനാൽ അവരുടെ മശിഹായെ തിരിച്ചറിഞ്ഞ് ക്രിസ്തുവിൽ വിശ്വസിക്കുവാൻ അവർക്കു കഴിഞ്ഞില്ല. അവരെ തേടി എത്തിയ ദൈവസ്നേഹത്തെ ഗ്രഹിക്കുവാൻ അവർക്കു കഴിഞ്ഞില്ല.

''നീയോ കഫർന്നഹൂമേ, സ്വർഗ്ഗത്തോളം ഉയർന്നിരിക്കുമോ?" എന്നു കർത്താവുചോദിക്കുന്നു. എന്താണ് ഇവിടെ അർത്ഥം ആക്കപ്പെട്ടിരിക്കുന്നത്. കഫർന്നഹൂമിനെയായിരുന്നു കർത്താവ് തന്റെ പ്രവർത്തന കേന്ദ്രമായി തെരഞ്ഞെടുത്തിരുന്നത്. ഇത്ര വലിയ ഭാഗ്യം അവർക്കു ലഭിച്ചിട്ടും ആ ദൈവീക സന്ദർശനത്തിന്റെ പൊരുൾ അവർ ഗ്രഹിക്കാതെ പോയി. അവർ തിരിച്ചറിഞ്ഞിരുന്നു എങ്കിൽ അവർ എത്ര അനുഗ്രഹിക്കപ്പെട്ടവരാകുമായിരുന്നു. അവർക്കു യഥാർത്ഥ മാനസാന്തരമുണ്ടായിരുന്നു എങ്കിൽ അവരുടെ ഉൾക്കണ്ണുകൾ പ്രകാശിക്കുമായിരുന്നു.

മാനസാന്തരത്തിന്റെ ആവശ്യം മനസ്സിലാക്കാതെ അത്ഭുതങ്ങൾ കാണുന്നതിൽ മാത്രം സന്തോഷം ഉണ്ടായിരുന്ന ജനങ്ങളുടെ ഹൃദയകാഠിന്യത്തെ കർത്താവ് ശാസിച്ചു. അവരെ നോക്കി കർത്താവ് പറഞ്ഞു, "ഹാ കഷ്ടം." കർത്താവു തന്റെ ഹൃദയത്തിലെ ദു:ഖത്തെ പ്രകടിപ്പിക്കുകയായിരുന്നു. രക്ഷപെടുത്താൻ രക്ഷകൻ ആവുന്നതു ശ്രമിച്ചിട്ടും രക്ഷപെടാൻ താൽപര്യമില്ലാത്ത സിസ്സംഗരായ ആ ജനത്തെ നോക്കി, അല്ലാതെന്തു പറയാൻ? അവരെ കാത്തിരിക്കുന്ന നാശത്തെക്കുറിച്ച് കർത്താവ് അവർക്ക് മുന്നറിയിപ്പ് നൽകി. "ന്യായ വിധി" വരുന്നു. സോരിനും സീദോനും ന്യായവിധി ഉണ്ട്. പക്ഷെ, "ന്യായവിധി ദിവസത്തിൽ നിങ്ങളെക്കാൾ സോരിന്നും സീദോന്നും സഹിക്കാവതാകും."

സോരിലെയും (Tyre) സീദോനിലെയും (Sidon) ജനങ്ങൾ അന്യജാതിക്കാരാണ്. കർത്താവ് അവരുടെ ഇടയിൽ താമസിക്കുകയും വീര്യപ്രവൃത്തികൾ ചെയ്യുകയും ചെയ്തിരുന്നു എങ്കിൽ അവർ പണ്ടു തന്നെ രട്ടിലും വെണ്ണീറിലും ഇരുന്നു മാനസാന്തരപ്പെടുമായിരുന്നു എന്നതാണ് വാസ്തവം. പക്ഷെ, കർത്താവു തന്റെ സ്വന്ത ജനമായ അബ്രഹാമിന്റെ മക്കൾക്കിടയിലാണല്ലോ വന്നത്. എന്നാൽ അവർക്കു അതു ഗ്രഹിക്കുവാൻ കഴിയാതെ പോയി. അതിനാൽ ന്യായവിധി അവർക്കു വരാനിരിക്കുന്നതു കഠിനമായതാണ് എന്നു കർത്താവു മുന്നറിയിപ്പു നൽകി.

സോദോം അസന്മാർഗ്ഗികതയുടെയും ദുഷ്ടതയുടെയും പര്യായമാണ്. തീയും ഗന്ധകവും വർഷിപ്പിച്ച് ദൈവം അതിനെ നശിപ്പിച്ചു. ദൈവത്തിന്റെ ന്യായവിധിയുടെ ഉദാഹരണമായി തീർന്നിരിക്കുന്നു അത്. കഫർന്നഹൂമിൽ നടന്ന വീര്യപ്രവൃത്തികൾ സോദോമിൽ നടന്നിരുന്നു എങ്കിൽ അവർ മാനസാന്തരപ്പെടുമായിരുന്നു എന്നാണ് കർത്താവു പറയുന്നത്. സോദോമിലുള്ളവരെപ്പോലെ കഫർന്നഹൂമിലുള്ളവർ അസാന്മാർഗ്ഗികൾ അല്ലായിരിക്കണം. പക്ഷെ, അവരെക്കാൾ ഹൃദയകാഠിന്യം ഉള്ളവരാണ്. മാനസാന്തരത്തിലും നല്ല അവസരങ്ങളെ പാഴാക്കിക്കളയുന്നവർ! ദൈവപുത്രൻ അവരുടെ ഇടയിൽ താമസിക്കുന്ന ആർക്കും കിട്ടാത്ത സൗഭാഗ്യം കിട്ടിയവർ! പക്ഷെ, എന്തു പ്രയോജനം? ഹൃദയ കാഠിന്യത്താൽ സ്വയം നാശം വിളിച്ചുവരുത്തുകയാണവർ. വരുവാനുള്ള ന്യായവിധി കഠിനമായതാണെന്നു കർത്താവു മുൻകൂട്ടി പറഞ്ഞു.

ഇന്നും കർത്താവു വീര്യപ്രവൃത്തികൾ ചെയ്യുന്നു. പ്രാർഥനക്കു ഉത്തരമായി കർത്താവു അത്ഭുതങ്ങൾ ചെയ്യുമ്പോൾ അവൻ തന്റെ ജനത്തോടു മനസ്സലിവു കാണിക്കുകയാണ്. അപ്പോൾ ദൈവത്തിനു തന്റെ ജനത്തെക്കുറിച്ചുള്ള പ്രതീക്ഷ അവർ മാനസാന്തരപ്പെടണം എന്നാണ്. മാനസാന്തരത്തിന്റെ അനുഭവം നമുക്കു എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. കാരണം നാം പലതിലും തെറ്റിപോകുന്നവരാണ്. എപ്പോഴും സ്വയപരിശോധനയും മാനസാന്തരവും അത്യാവശ്യമാണ്. എന്നാൽ ഈ യഥാർത്ഥ്യം ഗ്രഹിക്കാതെ നമ്മുടെ വിശ്വാസത്തെ പുകഴ്ത്തുവാനും, യേശുവിനെ ഒരു 'ഹീറൊ' ആക്കാനുമുള്ള തെറ്റായ വഴിയാണ് പലരും സ്വീകരിക്കുന്നതെന്നു തോന്നുന്നു. യേശുവിനെ നാം നമ്മുടെ കർത്താവായാണ് ഉയർത്തേണ്ടത്. യേശു നമ്മുടെ കർത്താവ് എങ്കിൽ നമ്മിൽ തനിക്കു കർത്യത്വം ചെയ്യുവാൻ, നമ്മെ ഭരിപ്പാൻ നാം വിധേയപ്പെടണം. അതാണ് മാനസാന്തരം. അപ്പോൾ കർത്താവിന്റെ ഇഷ്ടം ചെയ്യുന്നവരായി നാം തീരുന്നു. സുവിശേഷം പ്രസംഗിക്കുമ്പോൾ തന്റെ വചനത്തെ ഉറപ്പിക്കുവാൻ കർത്താവു വീര്യപ്രവൃത്തികൾ ചെയ്യുന്നു. "വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും" എന്നു കർത്താവ് അരുളിച്ചെയ്തിരിക്കുന്നു (മർക്കൊസ് 16: 17). കർത്താവു വീര്യപ്രവൃത്തികൾ ചെയ്യുന്നത് ജനങ്ങൾ മാനസാന്തരപ്പെടുവാൻ വേണ്ടിയും ആർക്കായി അത്ഭുതം പ്രവർത്തിക്കുന്നുവോ അവരോടുള്ള കരുണയു

മാണ്. "ഞാൻ പ്രാർഥിച്ചു ദൈവം അത്ഭുതം ചെയ്തു" അല്ലെങ്കിൽ "ടിയാൻ പ്രാർഥിച്ചു ദൈവം അത്ഭുതംചെയ്തു" എന്നീ തരത്തിലുള്ള പ്രസംഗങ്ങൾക്ക് അർത്ഥമില്ല. മാനസാന്തരത്തിനു ആഹ്വാനം കൊടുത്ത് ജനങ്ങളെ മാനസാന്തരത്തിലേക്കു നയിക്കുകയാണ് സുവിശേഷം അറിയിക്കുന്നവർ ചെയ്യേണ്ടത്. അതിനു വിരുദ്ധമായതെല്ലാം ദൈവത്തിന്റെ ഇഷ്ടത്തിനു വിരുദ്ധമായ കാര്യങ്ങളാണ്. നമുക്കു സൂക്ഷ്മതയുള്ളവരാകാം. ■

12 ▶ നിത്യതയുടെ അനശ്വര ചിന്തകളും ചില വ്യക്തിഗത ഓർമകളും

സൊസൈറ്റി ആരംഭിച്ച് ചില വർഷങ്ങൾക്കുശേഷമാണ് കെ.വി. രാജു ആ ജീവകാരുണ്യ പ്രവർത്തനത്തിൽ പങ്കാളിയാകുന്നത്. താമസംവിനാ ഗുഡ് ന്യൂസ് ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറിയായി അദ്ദേഹത്തെ ഗുഡ് ന്യൂസ് കുടുംബാംഗങ്ങൾ ചുമതലപ്പെടുത്തി. പ്രിയപ്പെട്ട രാജുവിന്റെ കാര്യക്ഷമതയ്ക്കും ആത്മാർത്ഥതയ്ക്കുമുള്ള അംഗീകാരവുമായിരുന്നു അത്! ഗുഡ് ന്യൂസ് ഓഫീസിൽ രാജു പ്രവർത്തിച്ച നാളുകളിൽ ഗുഡ് ന്യൂസ് എഡിറ്റോറിയൽ ബോർഡംഗങ്ങൾക്കും ഓഫീസ് സ്റ്റാഫംഗങ്ങൾക്കും രാജു പ്രിയപ്പെട്ടവനായിരുന്നു. മറ്റുള്ളവരുടെ ദു:ഖങ്ങളും അവരുടെ ആവശ്യങ്ങളും മനസ്സിലാക്കുന്നതിലും അവരുടെ അടുത്ത് ഓടിയെത്തുന്നതിലും കെ.വി.ആറിന്റെ ഉത്സാഹം ഏറെയായിരുന്നു. അതുവഴി കേരളത്തിലെ പിന്നോക്കമേഖലകളിലുള്ള വിവിധ സഭാ സംഘടനകളിലെ ഒത്തിരി പെന്തെക്കോസ്തു കുടുംബങ്ങൾക്ക് കെ.വി. രാജു പ്രിയങ്കരനായി മാറി.

മണർകാട് സെന്റ് മേരീസ് ഹോസ്പിറ്റലിൽ രാജുവിനെ അഡ്മിറ്റ് ചെയ്ത ശേഷം ഞാൻ അദ്ദേഹവുമായി ഫോണിൽ സംസാരിച്ചപ്പോഴും കോവിഡ് കാലത്ത് ചാരിറ്റബിൾ സൊസൈറ്റിയിലൂടെ വിതരണം ചെയ്യേണ്ട സഹായത്തെക്കുറിച്ചായിരുന്നു കൂടുതൽ സംസാരിച്ചത്. ഇതുകൂടാതെ മലബാർ മേഖലയിലെ പല സുവിശേഷ പ്രവർത്തനങ്ങളിലും സുവി. കെ.വി. രാജുവിന്റെ സജീവസാന്നിദ്ധ്യവും നേതൃത്വവും അവിടെയുള്ള ശുശ്രൂഷകന്മാർ ഓർമ്മിക്കുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്. ഉണർവ്വോടെ വചനം പ്രസംഗിക്കുന്ന ഒരു യുവ സുവിശേഷകനായി രാജു ശോഭിച്ചിരുന്നതും പ്രത്യേകം ഓർക്കുന്നു. ഇ.പി.പി.എഫിന്റെ പ്രാരംഭ വർഷങ്ങളിലെ പല യോഗങ്ങളിലും അദ്ദേഹം പ്രസംഗിച്ചിരുന്നു.

നേർവീഥിയുടെ എഡിറ്റർ എന്ന നിലയിലുള്ള കെ.വി.രാജുവിന്റെ വ്യക്തി മുദ്ര നേർവീഥി കുടുംബാംഗങ്ങളുടെ ഹൃദയത്തിൽ എന്നെന്നും ഉണ്ടായിരിക്കും. പ്രിയപ്പെട്ട സഹോദരന്മാരായ ജോയ് എം. തോമസ്, കെ.വി. രാജു, പി.വി.വർഗ്ഗീസ് എന്നിവരുടെ ഒരുമിച്ചുള്ള നിർബന്ധത്താലാണ് മാസികയുടെ കൺസൾട്ടന്റ് എഡിറ്റർ ആയി സേവനം നൽകുവാൻ ഞാൻ സന്നദ്ധനായത്. 'നിത്യതയുടെ വഴികാട്ടി' യായി നേർവീഥി ക്രൈസ്തവ കൈരളിക്ക് അനുഗ്രഹമായി ഓരോ ലക്കവും അച്ചടിച്ചിറങ്ങുമ്പോൾ അതിൽ രാജുവിന്റെ സ്പെഷ്യൽ ടച്ച് വളരെയായിരുന്നു!

ഇങ്ങനെ ഒത്തിരി ഓർമ്മകൾ കുറിക്കാനുണ്ടെങ്കിലും ഒരു കാര്യം കൂടി ഓർമ്മിപ്പിച്ച് ഞാൻ നിർത്തട്ടെ. വൈവിധ്യമാർന്ന ആത്മീയ ശുശ്രൂഷകൾക്കിടയിലും തന്റെ കുടുംബത്തിനു വേണ്ടിയും മാതാപിതാക്കൾക്കുവേണ്ടിയും സഹോദരങ്ങൾക്കുവേണ്ടിയും ഏറെ സമയം ചെലവഴിക്കാൻ പ്രിയപ്പെട്ട രാജുവിനു സാധിച്ചത് തന്നിൽ പകർന്ന ദൈവകൃപയുടെ മഹിമാധനം തന്നെയാണ്. തന്റെ കുടുംബാംഗങ്ങളുടെ നന്മയ്ക്കും ആശ്വാസത്തിനും രോഗാതുരനാകുന്ന ദിവസം വരെയും രാജു ഉത്സുകനായിരുന്നു. തന്റെ സഹധർമ്മിണി പ്രിയ ജയയ്ക്കും കുഞ്ഞുങ്ങൾക്കും സഹോദരകുടുംബാംഗങ്ങൾക്കും രാജുവിന്റെ വേർപാട് തീരാദുഃഖമാണ് സമ്മാനിച്ചതെങ്കിലും തനിക്കായി അരുമ നാഥൻ ഒരുക്കിയ ഭവനത്തിലേക്ക് പോകുന്നതിൽ അദ്ദേഹം ഏറെ സന്തുഷ്ടനായിരുന്നു. അതേ, എനിക്കു ഒരു ഇളയസഹോദരനും, കൃപയുടെ കൂട്ടാളിയുമായ കെ.വി. രാജു ജ്വലിച്ചു പ്രകാശിച്ച ഒരു വിളക്കായിരുന്നു! സുസ്മേരതയുള്ള ആ മുഖം കർത്താവിന്റെ പ്രത്യക്ഷതയിൽ നിത്യതയുടെ തീരത്ത് നമുക്കു വീണ്ടും കാണാം!

നിത്യതയുടെ അനശ്വര ഗായകൻ ജിം റീവ്സ് ഇങ്ങനെ പാടി:

"This world is not my home
I am just a passer through
My treasures are laid up
Somewhere beyond the blue
The angels beckon me
From Heavens open door and
I can't feel at home in this world any more...." ■

കെ.വി രാജുപാസ്റ്ററും കുറെ ഓർമകളും

2011 ഡിസംബറിൽ, ആലുവായിലെ വൈ.എം.സി എ. ഹാളിൽ, ഞാനും ബ്രദർ. ജോയ് എം. തോമസിന്റെ മീറ്റിംഗിൽ വീഡിയോ കൈകാര്യം ചെയ്തിരുന്ന ഷോബിയുമായി ചെല്ലുമ്പോൾ മുഖത്ത് പുഞ്ചിരിയുമായി അവിടെ നിന്നിരുന്ന ഒരു മുഖം.....

അങ്ങിങ്ങായ് നിന്നിരുന്നവരിൽ ചിലർ സ്റ്റേജിലേക്ക് വന്നിരുന്നു, ഞാൻ കണ്ടിരുന്ന ആ പുഞ്ചിരിയുള്ള മുഖവും. നമുക്ക് പ്രാർത്ഥിച്ച് ആരംഭിക്കാം, പുറത്ത് നിൽക്കുന്നവർ ദയവായി അകത്തേക്ക് കയറി ഇരിക്കണം എന്ന് താഴ്മയോടെ അദ്ദേഹം പറഞ്ഞു. തുടർന്ന് ഓരോരുത്തരെയായി പരിചയപ്പെടുത്തി. ബ്രദർ. ജോയ് തോമസ് അദ്ദേഹത്തിനു നേരെ നോക്കി പറഞ്ഞു ഇതാണ് നാം ആരംഭിക്കുവാൻ പോകുന്ന മാസികയുടെ എഡിറ്റർ കെ.വി രാജു....

തുടർന്ന് കെ.വി. ഓരോരുത്തരെയായി പരിചയപ്പെടുത്തി. വ്യക്തിപരമായി അദ്ദേഹത്തിന് എന്നെ അറിയില്ലായിരുന്നു. തൃശ്ശൂരിൽ നിന്നു വന്ന ഷൈൻ ആണ് ഗ്രാഫിക്സ് ചെയ്യുന്നത് എന്ന് അദ്ദേഹം പറയുകയും ചെയ്തു..... പിന്നെ ആ ബന്ധം വളർന്ന് പന്തലിച്ചു, മരണത്തിന്റെ അവസാന നാളുകൾ വരെ കാത്തുസൂക്ഷിക്കുവാൻ ഞങ്ങൾക്ക് ഇടയായി. പലപ്പോഴും യാത്രയിലായിരിക്കുമ്പോൾ ഗ്രാഫിക്സുമായി ബന്ധപ്പെട്ട പല കാര്യങ്ങൾക്കും, 'ഡിവോഷൻ' ചെയ്യുന്ന കാര്യങ്ങൾക്കും എന്നെ സമയം നോക്കാതെ വിളിക്കുമായിരുന്നു. അത് എന്നെ വളരെ അതിശയപ്പെടുത്തിയിട്ടുണ്ട്. സന്തോഷത്തോടെ എനിക്ക് ആ വർക്കുകൾ ചെയ്തു കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. തൃശ്ശൂരിലൂടെ അദ്ദേഹം യാത്രചെയ്യുമ്പോൾ എന്നെ വിളിക്കും ഞാൻ തൃശ്ശൂരിൽ എത്തിയിട്ടുണ്ട്, ഷൈൻന്റെ വീട്ടിൽ ഞാൻ പിന്നെ ഒരു ദിവസം വരുന്നുണ്ട്....പിന്നെ ഒരു ദിവസം വന്നു നിലമ്പൂരിൽ നിന്നും കോട്ടയത്തേക്കുള്ള യാത്രക്കിടയിൽ....

കഞ്ഞിക്കുഴി ഓഫീസിലായിരുന്നപ്പോൾ എന്നെ എല്ലായ്പ്പോഴും റെയിൽവേസ്റ്റേഷനിൽ കൊണ്ടു വിടുന്ന അദ്ദേഹത്തിന്റെ ഉത്തരവാദിത്വം എനിക്ക് മറക്കാൻ കഴിയുകയില്ല. അതുപോലെ ഞാൻ തുടർച്ചയായി വരുന്ന ട്രെയിൻ അദ്ദേഹത്തിന് അറിമായിരുന്നതിനാൽ എന്നെ ഫോൺ ചെയ്തു വിളിക്കും 'ഷൈൻ' എവിടെ എത്തി... കോട്ടയത്ത് എത്തുമ്പോൾ വിളിക്കണം ട്ടോ... ബസിൽ കയറിയാൽ വിളക്കണം... ഒറവയ്ക്കൽ ബസ്റ്റോപ്പിൽ ഞാൻ കാത്തുനിൽക്കാം. അവിടെ നിന്ന് ഇപ്പോഴത്തെ 'നേർവീഥി' ഓഫീസിലേക്ക് വരുമ്പോൾ വീട്ടിലെ വിശേഷവും വർക്കിന്റെ വിശേഷവും ചോദിക്കും, പരിചയപ്പെട്ട അന്നു മുതൽ 'പാസ്റ്റർ' എന്നാണ് ഞാൻ വിളിക്കാറുള്ളത്. മായാത്ത പുഞ്ചിരിയാണ് എന്നെ പലപ്പോഴും ആകർഷിച്ചത്. ദേഷ്യപ്പെടുന്ന ഒരു മുഖഭാവവും എട്ട് വർഷത്തിനുള്ളിൽ ഞാൻ കണ്ടിട്ടില്ല... അദ്ദേഹത്തിന്റെ കയ്യിൽ പച്ച നിറത്തിലുള്ള ഒരു ബാഗ് എപ്പോഴും ഉണ്ടാകുമായിരുന്നു, അതിൽ പലവിധ കാര്യങ്ങൾ... വീട്ടിലെ സാധനങ്ങളുടെ ലിസ്റ്റുമുതൽ താൻ ചുമതല നോക്കിയിരുന്ന പ്രസ്ഥാനങ്ങളുടെ ഒരു കൂട്ടം കാര്യങ്ങൾ....

തന്റെ പരിമിതമായ സൗകര്യത്തിൽ ആരെയും അദ്ദേഹം സ്വീകരിക്കും, പലപ്പോഴും അദ്ദേഹത്തിന്റെ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കുക പതിവായിരുന്നു, പാസ്റ്ററുടെ അപ്പച്ചനും അമ്മച്ചിയും മക്കളുമൊത്ത് താമസിക്കുവാൻ എനിക്കും അവസരം ഒരുക്കിയിട്ടുണ്ട്. പലപ്പോഴും അവിടെ എത്തുമ്പോൾ അപ്പച്ചനുമായി ആത്മീയ കാര്യങ്ങൾ സംസാരിക്കുകയും, എന്നെ പ്രാർത്ഥിച്ച് വിടുകയും ചെയ്തിട്ടുണ്ട്.

2020 ജൂണിൽ പാസ്റ്റർ എന്നെ വിളിച്ച് പറഞ്ഞു 'ടാ ഷൈനേ എനിക്ക് വയ്യ.. നീ ഡിവോഷൻ ഏറ്റെടുത്ത് സെറ്റ് ചെയ്യണം, മറക്കാതെ അത് എല്ലാ ഗ്രൂപ്പിലേക്കും അയക്കുകയും വേണം'. ഇത്രയും വർഷത്തിനിടയിൽ 'ടാ ഷൈനേ' എന്ന് വിളിച്ചിട്ടില്ല, ഷൈനേ എന്നേ എന്നെ വിളിച്ചിട്ടുള്ളൂ. പാസ്റ്റർ ഫോണിൽ പറഞ്ഞ കാര്യങ്ങളിൽ എനിക്ക് മറുപടി ഒന്നുമില്ലായിരുന്നു. ഞാൻ ചെയ്യാമല്ലോ എന്ന് ഉറപ്പിച്ചു പറഞ്ഞു, അപ്പോഴും ഞാൻ ഒരു കണ്ടീഷൻ പറഞ്ഞു, പാസ്റ്റർ സൗഖ്യത്തോടെ തിരിച്ചു വരുമ്പോൾ ഈ ഉത്തരവാദിത്വം പാസ്റ്റർ തന്നെ ഏറ്റെടുക്കുമല്ലോ... 'നീ അത് ചെയ്താൽ മതി' എന്ന ഒറ്റ വാക്കായിരുന്നു മറുപടി... ഞാൻ ജോയ്ക്കുട്ടിയുമായി കാര്യങ്ങൾ സംസാരിച്ചിട്ടുണ്ട്... പിന്നെ എന്നെ ഒരിക്കൽ കൂടി വിളിച്ചു.... ഷൈൻ എനിക്കു വയ്യ...ഇംഗ്ലീഷ് ഡിവോഷൻ നന്നായിട്ടുണ്ട്... ഞാൻ ചെയ്യുന്നതിനേക്കാൾ നന്നായിരിക്കുന്നു... വീണ്ടും അത് തുടരണം... ശരി പാസ്റ്റർ എന്ന് ഞാൻ പറഞ്ഞു... പിന്നെ ആ വിളികേൾക്കാൻ എനിക്കായില്ല...




ഇമ്പങ്ങളുടെ പറുദീസയിലേക്ക്... വേദനയില്ലാത്ത നാട്ടിലേക്ക്...അങ്ങ് അകലെ ..... പ്രിയ പാസ്റ്റർ ഞാൻ മനസ്സുകൊണ്ട് സ്നേഹിച്ച 'നേർവീഥി' കുടുംബത്തിലെ ഒരു കണ്ണി എന്നേക്കുമായി വിടചൊല്ലി...

ഷൈൻ കെ. സാമുവൽ

അനുമാനങ്ങളല്ല; സുനിശ്ചിത സത്യങ്ങൾ

ഡെനാമോ അടക്കമുള്ള ഒട്ടനവധി ശാസ്ത്രീയ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുള്ള പ്രശസ്ത ശാസ്ത്രജ്ഞൻ മൈക്കൽ ഫാരഡേ ഒരു നല്ല ക്രിസ്ത്യാനിയായിരുന്നു. 1867 -ൽ അദ്ദേഹം മരിക്കാറായപ്പോൾ തന്റെ സുഹൃത്തുക്കൾ തന്റെ അടുത്തെത്തി. അവർ പ്രമുഖ ശാസ്ത്രജ്ഞനോടു ചോദിച്ചു. "മരണത്തിനപ്പുറമുള്ള ജീവിതത്തെക്കുറിച്ച് അങ്ങയുടെ അനുമാനങ്ങളെന്തൊക്കെയാണ്?" ഫാരഡെ പ്രതിവചിച്ചു. "എന്ത്? അനുമാനങ്ങളോ? ഇല്ല; എനിക്ക് അനുമാനങ്ങളൊന്നുമില്ല; സുനിശ്ചിതമായ കാര്യങ്ങളിലാണു ഞാൻ വിശ്വസിക്കുന്നത്. മരണാനന്തര ജീവിതത്തെക്കുറിച്ച് അദ്ദേഹത്തിനു അസന്നിഗ്ദമായ അറിവുണ്ടായിരുന്നു. മൈക്കലിന്റെ ഏറ്റവും പ്രിയപ്പെട്ട ബൈബിൾ വാക്യം ഇതായിരുന്നു. "അതുനിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു. എങ്കിലും ലജ്ജിക്കുന്നില്ല. ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു. അവൻ എന്റെ ഉപനിധി ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു" (2 തിമൊഥെയോസ് 1 : 12). അദ്ദേഹത്തിനു ബൈബിൾ സത്യങ്ങളോടു ഒരു മുൻവിധിയുമില്ലാത്ത വിശ്വാസമാണുണ്ടായിരുന്നത്.



അതേ, ദൈവവചനം സുനിശ്ചിതമായ കാര്യങ്ങളുടെ കലവറയാണ്. "പുല്ലു ണങ്ങുന്നു. പൂ വാടുന്നു. നമ്മുടെ ദൈവത്തിന്റെ വചനമോ എന്നേക്കും നിലനിൽക്കും! ദൈവം അരുളിചെയ്തിട്ടുള്ള എല്ലാ വാഗ്ദാനങ്ങളും അത് ഉവ്വ് എന്നുതന്നെയാണ്. മരണവും ന്യായവിധിയും സുനിശ്ചിതമാണ് (എബ്രായർ 9:27). സ്വർഗ്ഗവും നരകവും നിഗമനങ്ങളല്ല! അത് മാറ്റമില്ലാത്ത യാഥാർത്ഥ്യമാണ്. അതുപോലെയാണ് നിത്യതയും! ക്രിസ്തുവിന്റെ പുനരാഗമനവും തുടർന്നുള്ള വിശുദ്ധന്മാരുടെ ഉയിർപ്പും സഭയുടെ ഉൽപ്രാപണവും ഒന്നും നിഗമനങ്ങളല്ല. അസന്നിഗ്ദമായ യാഥാർത്ഥ്യങ്ങളത്രേ. അതുപോലെ പുതിയ ആകാശവും പുതിയ ഭൂമിയും ഒക്കെ. 'ഇതാ, ഞാൻ വേഗം വരുന്നു' എന്ന് അരുളിച്ചെയ്തവൻ പ്രതിഫലവുമായി നമ്മെ എതിരേൽക്കുവാൻ സമയമായി. നമ്മുടെ ജീവിതം സുനിശ്ചിതമായ തിരുവെഴുത്തു സത്യങ്ങളിൽ ഉറപ്പിക്കാം. മാനുഷിക അനുമാനങ്ങളെ അവഗണിക്കാം.

എംസി

Bank Account Details:

SOUTH INDIAN Bank

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
South Indian Bank,
Kanjikuzhy - Kottayam.

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ.
മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.08.2020


NERVEEDHI - AUGUST 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment



PUBLICATIONS


ആർ. പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ















Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019

Mob: 9495435336, 8547916678
www.nerveedhi.com

Edited, Printed and Published by the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.